മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ
MALANKARA ORTHODOX SYRIAN CHURCH

Vol. 05 No. 31 | THE ONLINE OFFICIAL NEWS BULLETTIN | 2022 July 30

SEASON OF PENTECOST | **പെന്തിക്കോസ്തികാലം**

SUNDAY	MONDAY	TUESDAY	WEDNESDAY	THURSDAY	FRIDAY	SATURDAY
31  ♪7 8th Sunday after Pentecost. Comm. St. Anthimus of Constantinople. 735th Mem. Mar Gregorios Bar Hebraeus	1   ♪3 Shunoyo Fast Begins (15 Day). Comme. of the Martyrs Marth Smooni & her 7 Children and Mar Eliazar, their teacher. 10th Mem. of Poulose Mar Pachomios OIC (Betheny Asram Perunad)	2 ♪7	3 ♪3	4 ♪7	5 ♪3	6   ♪6 ✝ Mtalé. The Feast of Transfiguration. 57th Mem. of "Malankarayude Dharma Yogi" Alexious Mar Theodosios OIC (Betheny Asram Perunad)



ഏഴു പുതിയ മെത്രാപ്പോലീത്താമാർ അഭിഷിക്തരായി

തൃശൂർ: ഓർത്തഡോക്സ് സഭയിൽ 7 പുതിയ മെത്രാപ്പൊലീത്തമാർ അഭിഷിക്തരായി. പഴഞ്ഞി സെന്റ് മേരീസ് കത്തീഡ്രലിലാണു മെത്രാപ്പൊലീത്താമാരുടെ സ്ഥാനാരോഹണ ശുശ്രൂഷ നടന്നത്. എബ്രഹാം മാർ സ്തേഫാനോസ് (എബ്രഹാം തോമസ് റമ്പാൻ), തോമസ് മാർ ഇവാനിയോസ് (പി. സി. തോമസ് റമ്പാൻ), ഗീവർഗീസ് മാർ തെയോഫിലോസ് (ഡോ. ഗീവർഗീസ് ജോഷ്വാ റമ്പാൻ), ഗീവർഗീസ് മാർ പിലക്സിനോസ് (ഗീവർഗീസ് ജോർജ് റമ്പാൻ), ഗീവർഗീസ് മാർ പക്കോമിയോസ് (അഡ്വ. കൊച്ചുപറമ്പിൽ ഗീവർഗീസ് റമ്പാൻ), ഗീവർഗീസ് മാർ ബർണബാസ് (ഡോ. കെ. ഗീവർഗീസ് റമ്പാൻ), സഖറിയ മാർ സേവേറിയോസ് (ചിറത്തിലാട്ട് സഖറിയ റമ്പാൻ) എന്നിവരാണ് അഭിഷിക്തരായത്.

പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ കാതോലിക്കാ ബാവായും സഭയിലെ എല്ലാ മെത്രാപ്പൊലീത്താമാരും ശുശ്രൂഷകൾക്കു നേതൃത്വം നൽകി. കേരളത്തിലെ വിവിധ സഭകളിൽനിന്നുള്ള പ്രതിനിധികളെ കൂടാതെ അർമീനിയൻ, റഷ്യൻ ഓർത്തഡോക്സ് സഭകളുടെയും പ്രതിനിധികൾ ശുശ്രൂഷകളിൽ പങ്കെടുത്തു. സഭാധ്യക്ഷനായി പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ കാതോലിക്കാ ബാവാ അഭിഷിക്തനായ ശേഷമുള്ള ആദ്യ മെത്രാപ്പോലീത്താ സ്ഥാനാരോഹണമാണിത്.

കുർബാനയ്ക്കു മുന്നോടിയായി 7 നിയുക്ത മെത്രാപ്പൊലീത്തമാരെയും സഭയിലെ ഇപ്പോഴുള്ള 23 മെത്രാപ്പൊലീത്തമാരും ചേർന്ന് ആനയിച്ചു. കുർബാന മധ്യേയാണു സ്ഥാനാരോഹണ ശുശ്രൂഷ ആരംഭിച്ചത്. രണ്ട് ഘട്ടങ്ങളായുള്ള ശുശ്രൂഷയിൽ ആദ്യ ഭാഗത്ത്, ദീർഘമായ പ്രാർഥനകൾക്കും ഗാനങ്ങൾക്കും ശേഷം സ്ഥാനാർഥികൾ സഭയുടെ വിശ്വാസ പ്രഖ്യാപനമായ ശൽമൂസാ വായിക്കുകയും അത് ഒപ്പിട്ടു പരിശുദ്ധ കാതോലിക്കാ ബാവായ്ക്കു സമർപ്പിക്കുകയും ചെയ്തു.

സ്ഥാനാഭിഷേകത്തിന്റെ പ്രധാന ഭാഗമായ രണ്ടാംഘട്ടത്തിൽ കൈവയ്പ് ശുശ്രൂഷ പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ കാതോലിക്കാ ബാവാ നിർവഹിച്ചു. തുടർന്നു പട്ടത്വ പ്രഖ്യാപനം നടത്തി. ഈ സമയത്ത് പുതിയ മെത്രാപ്പോലീത്തമാരുടെ പേരുകൾ പ്രഖ്യാപിച്ചു. തുടർന്ന് അംശവസ്ത്രങ്ങൾ ധരിപ്പിച്ച് സിംഹാസനങ്ങളിൽ ഇരുത്തി യോഗ്യൻ എന്ന അർഥം വരുന്ന ഓക്സിയോസ് ചൊല്ലി സിംഹാസനം ഉയർത്തി. കസേരയിൽ ഇരുത്തി ഉയർത്തുന്ന ചടങ്ങിനു പിന്നാലെ സ്ഥാന ചിഹ്നങ്ങളായ കുരിശുമാലയും സ്ലീബായും അംശവടിയും നൽകി. തുടർന്ന് ഉയർത്തിപ്പിടിച്ച സിംഹാസനത്തിൽ ഇരുന്ന് ഓരോരുത്തരും ഏവൻഗേലിയോൻ (സുവിശേഷം) വായിച്ചു. നവ മെത്രാപ്പോലീത്തമാരിൽ മുതിർന്നയാളാണു കുർബാന പൂർത്തിയാക്കിയത്.

സമീപകാലത്ത് ഇത് മൂന്നാം പ്രാവശ്യമാണ് വാഴിക്കപ്പെടുന്നവരെയെല്ലാം നേരിട്ടു മെത്രാപ്പൊലീത്തന്മാരായി ഉയർത്തുന്നത്. ആദ്യം എപ്പിസ്കോപ്പാമാരായി വാഴിക്കപ്പെട്ടവരെ പിന്നീട് മെത്രാപ്പോലീത്താമാരായി ഉയർത്തുന്ന പതിവ് ഇടക്കാലത്തുണ്ടായിരുന്നു.

(ശേഷം 5–ാം പേജിൽ)

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ
MALANKARA ORTHODOX SYRIAN CHURCH



മെത്രാൻ വാഴ്ച്ച: ഇതര സഭാപ്രതിനിധികളുടെ പങ്കാളിത്തം ശ്രദ്ധേയമായി

പഴഞ്ഞി: അർമീനിയൻ ഓർത്തഡോക്സ് സഭയുടെ ഓസ്ട്രേലിയ & ന്യൂസീലൻഡ് മെത്രാപ്പോലീത്താ ഹയ്കസുൻ നജര്യൻ, മലബാർ സ്വതന്ത്ര സുറിയാനി സഭയുടെ മേലദ്ധ്യക്ഷൻ സിറിൽ മാർ ബസേലിയോസ് മെത്രാപ്പോലീത്താ, മലങ്കര മാർത്തോമ്മാ സുറിയാനി സഭയുടെ ജോസഫ് മാർ ബർണബാസ് സഫ്രഗൻ മെത്രാപ്പോലീത്താ, റഷ്യൻ ഓർത്തഡോക്സ് സഭയുടെ എക്സ്റ്റേണൽ ചർച്ച് അഫേഴ്സ് സെക്രട്ടറി ഫാ. സ്റ്റെഫാൻ ഇഗുമ്നോവ്, സീറോ മലങ്കര കത്തോലിക്കാ സഭയുടെ തിരുവല്ല അതിരൂപത ആർച്ച് ബിഷപ്പ് ഡോ. തോമസ് മാർ കൂറിലോസ്, മൂവാറ്റുപുഴ രൂപത അദ്ധ്യക്ഷൻ ഡോ. യൂഹാനോൻ മാർ തിയഡോഷ്യസ്, റോമൻ കത്തോലിക്കാ സഭയുടെ വത്തിക്കാൻ പ്രതിനിധി ഹൈസിൻഡ് ദെസ്തിവെലെ തുടങ്ങിയവർ പഴഞ്ഞി കത്തീഡ്രലിൽ നടന്ന സ്ഥാനാഭിഷേകത്തിൽ സംബന്ധിച്ചു.

ഏഴു പുതിയ...

(ഒന്നാം പേജിൽ നിന്നും)

ഇത് മൂന്നാം തവണയാണ് പഴഞ്ഞി സെന്റ് മേരീസ് കത്തീഡ്രൽ, മെത്രാപ്പൊലീത്താ സ്ഥാനാരോഹണത്തിന് വേദിയാകുന്നത്. സഭയുടെ ചരിത്രത്തിൽ തുടർച്ചയായ മൂന്നാം തവണയാണ് 7 പേരെ ഒന്നിച്ച് മെത്രാപ്പോലീത്താമാരായി വാഴിക്കുന്നത്. 2009 ഫെബ്രുവരി 19ന് പുതുപ്പള്ളി സെന്റ് ജോർജ് ഓർത്തഡോക്സ് പള്ളിയിലും 2010 മേയ് 12ന് കോട്ടയം മാർ ഏലിയാ കത്തീഡ്രലിലുമാണ് മുൻപ് 7 പേരെ വീതം ഒന്നിച്ച് മെത്രാപ്പൊലീത്താമാരായി വാഴിച്ചത്. 12 വർഷത്തെ ഇടവേളയ്ക്കു ശേഷമാണ് ഇത്തവണ ഓർത്തഡോക്സ് സഭ മെത്രാപ്പൊലീത്താമാരെ വാഴിക്കുന്നത്. ഏഴു പേരെ കൂടി വാഴിച്ചതോടെ സഭയിലെ മേൽപ്പട്ടക്കാരുടെ എണ്ണം 31 ആയി.

മാവേലിക്കര, ചെങ്ങന്നൂർ, കോട്ടയം, ഇടുക്കി, കുന്നംകുളം, മലബാർ, സൗത്ത് വെസ്റ്റ് അമേരിക്ക എന്നിങ്ങനെ 7 ഭദ്രാസനങ്ങളിൽ മെത്രാപ്പൊലീത്താമാരുടെ ഒഴിവുകൾ നികത്തുന്നതിനാണ് പുതിയ മെത്രാപ്പോലീത്താമാരെ വാഴിച്ചത്. ഫെബ്രുവരിയിൽ കോലഞ്ചേരിയിൽ സഭയുടെ പരമോന്നത സമിതിയായ മലങ്കര സുറിയാനി അസോസിയേഷൻ തിരഞ്ഞെടുത്ത് സുന്നഹദോസിന്റെ അംഗീകാരവും ലഭിച്ച ഏഴു പേരെയാണ് ഇന്ന് മെത്രാപ്പൊലീത്തമാരായി വാഴിച്ചത്. സഭയുടെ ഉന്നതസമിതികളിൽ കൂടിയാലോചനകൾ നടത്തി നവാഭിഷിക്ത മെത്രാപ്പൊലീത്താമാർക്ക് ചുമതല നൽകേണ്ട ഭദ്രാസനങ്ങൾ തീരുമാനിക്കും.



ഹംസരഥത്തിൽ പ്രദക്ഷിണം

പഴഞ്ഞിമ ഹംസരഥമേറി 7 നവാഭിഷിക്തർ വാദ്യമേളങ്ങളുടെയും മുത്തുക്കുടകളുടെയും അകമ്പടിയോടെ അങ്ങാടി ചുറ്റി പ്രദക്ഷിണം നടത്തിയപ്പോൾ പഴഞ്ഞിയുടെയും കുന്നംകുളത്തിന്റെയും മണ്ണിൽ വിരിഞ്ഞത് ചരിത്രനിമിഷം. കത്തീഡ്രലിൽ നിന്നാരംഭിച്ച പ്രദക്ഷിണത്തിനു വികാരി ഫാ. സഖറിയ കൊള്ളന്നൂർ, സഹവികാരി ഫാ. തോമസ് ചാണ്ടി, ട്രസ്റ്റി സുമേഷ് പി.വിൽസൺ, സെക്രട്ടറി ലിജിൻ ചാക്കോ എന്നിവർ നേതൃത്വം നൽകി. പ്രദക്ഷിണത്തിന് ശേഷം മങ്ങാട് മാർ ഗ്രിഗോറിയോസ് ഓർത്തഡോക്സ് പള്ളിയിലും നവ മെത്രാപ്പൊലീത്തമാർക്ക് സ്വീകരണം നൽകി.

ആകാശത്ത് മണിമുഴക്കം; മദ്ബഹയിൽ അഭിഷിക്ത കരങ്ങൾ

പഴഞ്ഞിമ പഴഞ്ഞിപ്പള്ളിയുടെ ഗോപുരത്തിനു മുകളിൽ നിന്ന് ഒന്നേകാൽ മണിക്കൂർ നിലയ്ക്കാതെ മണിനാദം മുഴങ്ങി. മദ്ബഹയിൽ പരിശുദ്ധ കാതോലിക്കാ ബാവാ നവ അഭിഷിക്തരിലേക്കു റൂഹായെ ആവസിപ്പിക്കുന്ന ആ വേളയിൽ മദ്ബഹയിലും മണിമുഴക്കം. ആ മണിമുഴക്കം സഞ്ചരിച്ചത് രണ്ടു നൂറ്റാണ്ടിലേറെക്കാലം പിന്നിലേക്ക്. മലങ്കര ഓർത്തഡോക്സ് സഭയുടെ വിശ്വാസ പാരമ്പര്യത്തിൽ ഇങ്ങനെയൊരു മണിനാദം ആദ്യം മുഴങ്ങിയത് 207 വർഷങ്ങൾക്കു മുൻപ് 1815-ൽ പരിശുദ്ധ പുലിക്കോട്ടിൽ ഒന്നാമന്റെ മെത്രാഭിഷേകത്തിനാണ്. പിന്നീട് 1978-ൽ അഞ്ചു മെത്രാപ്പൊലീത്തമാരുടെ അഭിഷേകച്ചടങ്ങിൽ.

സഭയുടെ വിശ്വാസക്കോട്ടയായ കുന്നംകുളം മേഖലയ്ക്ക് ഇന്നലത്തെ ദിവസം മറക്കാനാവില്ല, ഒരിക്കലും. നിയുക്ത മെത്രാപ്പൊലീത്തമാർ സഭയോടും കാതോലിക്കായോടുമുള്ള അനുസരണയും വിധേയത്വവും പ്രഖ്യാപിച്ചതോടെയാണ് അഭിഷേക ചടങ്ങുകൾക്കു തുടക്കമായത്. പിന്നീട് നീണ്ട പ്രാർഥനകൾക്കൊടുവിൽ നവാഭിഷിക്തർ ഓരോരുത്തരായി പരിശുദ്ധ കാതോലിക്കാ ബാവായുടെ മുന്നിൽ മദ്ബഹയിൽ മുട്ടുകുത്തി. തുറന്ന വേദപുസ്തകം ഇവരുടെ തലയ്ക്കുമീതേ ഉയർന്നു നിന്നു. പിന്നെ പ്രാർഥനകളും.

ശുശ്രൂഷയുടെ ഏറ്റവും ദീർഘമായ ഈ ഭാഗം മുഴുവൻ കർത്താവേ ഞങ്ങളോടു കരുണ ചെയ്യേണമേ... എന്നു തുടങ്ങുന്ന പ്രാർഥനയാൽ വിശ്വാസി ജനം മുഴുകി. തുടർന്ന് ഓരോ അഭിഷിക്തർക്കും തലേദിവസത്തെ സുന്നഹദോസിൽ നൽകപ്പെട്ട പുതിയ പേര് പ്രഖ്യാപിച്ചു. സ്ഥാന വസ്ത്രങ്ങൾ ധരിപ്പിച്ച് കുരിശുമാല കഴുത്തിൽ അണിയിച്ചു. തുടർന്നു സിംഹാസനത്തിൽ ഓരോരുത്തരെയായി ഇരുത്തി ഉയർത്തിയപ്പോൾ വിശ്വാസികൾക്കു ധന്യ നിമിഷം.

അംശവടികൾ പരിശുദ്ധ ബാവായും മറ്റു മെത്രാപ്പൊലീത്തമാരും ചേർന്നു കൈമാറിയതോടെ പ്രധാന ശുശ്രൂഷകൾ കഴിഞ്ഞു. ഏഴ് പുതിയ പിതാക്കന്മാരും പരിശുദ്ധ ബാവായോടൊപ്പം മദ്ബഹയുടെ മുന്നിൽ വിശ്വാസികൾക്കായി അണിനിരന്നു. അംശവടി ഉയർത്തി ജനത്തെ ആശീർവദിച്ചതോടെ മാസങ്ങളായി പഴഞ്ഞിയിലെ മണ്ണും മനസ്സും കാത്തിരുന്ന ധന്യനിമിഷം പൂർത്തിയായി. ഇനി ഈ ഇടയശ്രേഷ്ഠർ പഴഞ്ഞിപ്പള്ളിയുടെ കൂടി പ്രിയപ്പെട്ട പിതാക്കന്മാർ.

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ
MALANKARA ORTHODOX SYRIAN CHURCH

ആരാധനാ കലണ്ടർ

"ദൈവരാജ്യത്തിന്റെ മർമ്മം നിങ്ങൾക്കു നല്കപ്പെട്ടിരിക്കുന്നു"

ഡോ. ഗീവർഗീസ് മാർ യൂലിയോസ്




പ്രിയ വിശ്വാസികളേ,

വി. പെന്തിക്കുസ്തി പെരുന്നാളിന് ശേഷം എട്ടാം ആഴ്ചയിൽ നാം എത്തുമ്പോൾ "ദൈവരാജ്യത്തിന്റെ മർമ്മം നിങ്ങൾക്ക് നല്കപ്പെട്ടിരിക്കുന്നു"വെന്ന സന്ദേശമാണ് കർത്താവിന്റെ സുവിശേഷം നമ്മെ അറിയിക്കുന്നത്.

ദൈവരാജ്യത്തിന്റെ മർമ്മമായ യേശുക്രിസ്തു വിതയ്ക്കപ്പെട്ട വയലായ പ. ദൈവമാതാവിന്റെ വാങ്ങിപ്പു പെരുന്നാളിനായി പ. സഭ ഒരുങ്ങുന്ന ശൂനോയോ നോമ്പു കാലത്ത് ഈ സന്ദേശത്തിന് പ്രത്യേക അർത്ഥമുണ്ടെന്ന് ഓർക്കണം. ഒപ്പം മറുരൂപമലയിൽ നമ്മുടെ കർത്താവ് മോശയോടും ഏലിയാവിനോടുമൊപ്പം തന്റെ മഹത്വപൂർണ്ണതയെ തന്റെ ശിഷ്യന്മാരെ കാണിച്ച് തന്റെ മനുഷ്യാവതാര വ്യാപാരത്തിന്റെ മർമ്മം അവരെ പഠിപ്പിക്കുന്ന സംഭവവും ഈ ആഴ്ചയിൽ വി. കൂടാരപെരുന്നാളിലൂടെ നാം ധ്യാനിക്കുന്നു.

ദൈവരാജ്യത്തിന്റെ മർമ്മം വി. പിതാക്കന്മാർക്ക് വെളിപ്പെടുത്തപ്പെട്ട സംഭവങ്ങളാണ് പഴയനിയമ വായനകളിലും ലേഖനങ്ങളിലെ ചരിത്ര ആഖ്യാനങ്ങളിലും വർണ്ണിക്കപ്പെടുന്നത്.



ദൈവത്തിന്റെ പർവ്വതമായ ഹോരേബിൽ വച്ച് മുൾപടർപ്പിന്റെ നടുവിൽ നിന്നു അഗ്നിജ്വാലയിൽ മോശയ്ക്കു പ്രത്യക്ഷപ്പെട്ടവൻ: ഇങ്ങോട്ടു അടുക്കരുത്; നീ നില്ക്കുന്ന സ്ഥലം വിശുദ്ധമാകയാൽ കാലിൽ നിന്നു ചെരിപ്പ് അഴിച്ചു കളക എന്ന് കല്പിച്ച ശേഷം ദൈവത്തിന്റെ രക്ഷണ്യ പ്രവൃത്തിയുടെ മർമ്മം അവനെ അറിയിക്കുന്നു. മർമ്മത്തിന്റെ പൊരുളിനെ കുറിച്ച് ജനത്തോട് എന്തു പറയണം എന്ന മോശയുടെ ചോദ്യത്തിനും ആകുലതയ്ക്കും ലഭിക്കുന്ന ഉത്തരം: "ഞാനാകുന്നവൻ ഞാനാകുന്നു'' എന്നാണല്ലോ. ഉള്ളവനും ഉണ്ടയും ഉളവാകുന്നവനുമാകുന്നവൻ (ആൽഫയും ഒമേഗയും) അബ്രഹാമിന്റെയും ഇസഹാക്കിന്റെയും യാക്കോബിന്റെയും ദൈവമാണെന്നും അവന് ഉറപ്പു കൊടുക്കുന്നു (പുറപ്പാട് 3).

ഒരേസമയം മുൾപടർപ്പ് തീ പിടിച്ച് കത്തുന്നതും അതേസമയം മുൾപടർപ്പ് വെന്തുപോകാതിരിക്കുന്നതുമായ കാഴ്ച മോശയെ അമ്പരിപ്പിക്കുന്നുണ്ട്. "ദൈവത്തിന്റെ വചനമാകുന്ന രണ്ടാമത്തെ ഏക ക്നൂമ്മാ, തന്റെയും തന്റെ പിതാവിന്റെയും ജീവനുള്ള തന്റെ പരിശുദ്ധ റൂഹായുടെയും തിരുവിഷ്ടത്താൽ സ്വർഗ്ഗത്തിൽ നിന്നും ഇറങ്ങി വന്ന് ദൈവമാതാവായ പ. കന്യകമറിയാമിന്റെ ഉദരത്തിൽ വസിക്കുകയും തന്റെ മനുഷ്യസ്നേഹത്താൽ അവളിൽ നിന്നു ജഡം ധരിക്കുകയും ചെയ്തുവെന്നും കന്യകമറിയാമിന്റെ ഉദരത്തിൽ താൻ മുഴുവനായി വസിച്ചിരിക്കുമ്പോൾ തന്റെ ദൈവത്വത്തിന്റെ സിംഹാസനത്തിന്മേൽ താൻ ഇരുന്നിരുന്നു"വെന്നുമുള്ള മർമ്മമാണ് എരിയാത്ത മുൾപടർപ്പിന്റെ നടുവിൽ എരിതീ കാണപ്പെടുന്നതിൽ നിന്നും വെളിവാകുന്നത്. ഒപ്പം തന്നെ കന്യകയുടെ വ്രതമുദ്രയ്ക്കും ഭംഗമുണ്ടായില്ല എന്നും പിതാക്കന്മാർ ചൂണ്ടിക്കാണിക്കുന്നു.

ആദ്യം മുൾപടർപ്പിൽ സൂചിപ്പിക്കപ്പെട്ടതും കാലതികവിൽ കന്യകയിൽ നിന്നും ജാതം ചെയ്തതുമായ ആ ദിവ്യരഹസ്യമാണ് മറുരൂപമലയിൽ (താബോർ) മോശയുടെയും ഏലിയാവിന്റെയും മുന്നിൽ തേജസ്സിൽ വെളിവാക്കപ്പെടുന്നത്. "സുവാർത്ത ദൂതന്റെ കാൽ പർവ്വതത്തിൽ എത്ര മനോഹരം" എന്ന് യെശയ്യാ പ്രവാചകൻ ഈ പ്രത്യക്ഷതയെ സാക്ഷിക്കുന്നു (52:7).

അന്ധകാരത്തിൽ നിന്നും തന്റെ അത്ഭുതപ്രകാശത്തിലേയ്ക്കു വിളിക്കപ്പെട്ടിരിക്കുന്ന തെരഞ്ഞെടുക്കപ്പെട്ട ജാതിയും രാജകീയ പുരോഹിതവർഗ്ഗവും വി. വംശവുമായ ദൈവജനത്തിന് മാത്രമേ ഈ രഹസ്യം (മർമ്മം) വെളിപ്പെടുകയുള്ളു എന്ന് വി. പത്രോസ് ശ്ലീഹായും (1 പത്രോസ് 2:6-10) പഠിപ്പിക്കുന്നു.

മറുരൂപപെരുന്നാളിന്റെ ഒരുക്കത്തിനായി എബ്രായ ലേഖകൻ ആഹ്വാനം ചെയ്യുന്ന വാക്കുകളും ശ്രദ്ധേയമാണ്. ദൈവപുത്രനായ യേശു ആകാശത്തിൽ കൂടി കടന്നുപോയ ശ്രേഷ്ഠ മഹാപുരോഹിതനായി നമുക്ക് ഉള്ളതുകൊണ്ട് നാം നമ്മുടെ സ്വീകാരം മുറുകെ പിടിച്ചുകൊണ്ട് ധൈര്യത്തോടെ അവന്റെ കൃപാസനത്തിനു അടുത്തു ചെല്ലുക എന്നും അവൻ നമ്മുടെ പാപത്തെ വഹിക്കുന്നവനും ബലഹീനതയെ ശക്തീകരിക്കുന്നവനുമാകയാൽ അവനിൽ തന്നെ ശരണപ്പെടുകയെന്നും അവൻ ആഹ്വാനം ചെയ്യുന്നു.

മർമ്മത്തെ സ്വീകരിച്ചവളാണ് വി. കന്യകമറിയാം. മർമ്മത്തെ അറിയുകയും സ്വീകരിക്കുകയും ചെയ്യണമെങ്കിൽ ആയതിനുള്ള ഒരുക്കവും വിശുദ്ധിയും ഏറെ ആവശ്യമെന്ന് വി. കന്യകമറിയാമിന്റെ ജീവിതം നമ്മോട് പറയുന്നുണ്ട്. ശൂനോയോ നോമ്പ് ദിനങ്ങളിലെ പ്രത്യേക പ്രാർത്ഥന ശ്രദ്ധിക്കുക: "മർത്തമറിയം ലോക ഇമ്പങ്ങളെ ഒക്കെയും വെടിഞ്ഞ് വിശുദ്ധിയിൽ ജീവിച്ച് സർവ്വ നന്മകളാലും അലങ്കരിക്കപ്പെട്ടതിനാൽ അവൾ ദൈവത്തിന്റെ മാതാവായി തീരുവാൻ തിരഞ്ഞെടുക്കപ്പെട്ടതുപോലെ കർത്താവേ, ഞങ്ങളും ലോക ഇമ്പങ്ങളെ വെടിഞ്ഞ് നോമ്പ്, നമസ്ക്കാരം മുതലായ നന്മകളാൽ അലങ്കരിക്കപ്പെട്ടവരും നിനക്കു വസിപ്പാൻ തക്ക വിശുദ്ധ ആലയങ്ങളും ആയിരിപ്പാൻ യോഗ്യരായിത്തീരണമേ."

സ്ത്രീ മൂലം വന്ന നാശത്തെ സ്ത്രീ മൂലം തീർപ്പാനായിട്ടാണ് ദൈവിക രക്ഷണ്യ പദ്ധതിയിൽ മൊർത്ത് മറിയം തിരഞ്ഞെടുക്കപ്പെട്ടതെന്നും അവളുടെ മദ്ധ്യസ്ഥം പുത്രൻ തമ്പുരാൻ എല്ലായ്പോഴും കേട്ട് (കാനാവിലെ പോലെ) ലോകത്തിന്റെ കുറവുകളെ നീക്കിയെന്നും ഒടുവിൽ അവളുടെ മരണസമയത്ത് മാലാഖമാരുടെയും നിബിയന്മാരുടെയും ശ്ലീഹന്മാരുടെയും സഹദേന്മാരുടെയും പൂർവ്വ പിതാക്കന്മാരുടെയും കൂട്ടത്തോടു കൂടി അവൻ എഴുന്നള്ളി വന്ന് അവളുടെ ആത്മാവിനെ സ്വീകരിച്ചുവെന്നും പ്രാർത്ഥനകളിൽ കാണുന്നു. അവളുടെ ശരീരം പുത്രനെ വഹിച്ച ഉദരവും ഊട്ടിയ മുലകളും താലോലിച്ച കരങ്ങളും അവനെ ആദ്യം ദർശിച്ച കണ്ണുകളും കേട്ട കാതുകളും എല്ലാം ചേർന്നതാകയാൽ സർവ്വ ബഹുമാന ആദരവുകളോടും കൂടെ അത് ആകാശത്തിലേയ്ക്ക് ഉയർത്തപ്പെട്ടുവെന്നും പ. സഭയുടെ പാരമ്പര്യത്തിൽ കാണുന്നു.

മർമ്മത്തെ അറിയണമെങ്കിൽ താബോറിന്റെ അനുഭവം രുചിക്കണമെന്ന സന്ദേശമാണ് മറുരൂപപെരുന്നാളും നമുക്ക് നൽകുന്നത്: "കർത്താവേ, കീപ്പായെയും യാക്കോബിനെയും യോഹന്നാനെയും കൂട്ടിക്കൊണ്ടു പോയതുപോലെ നിന്റെ അടുക്കലേയ്ക്കു ഞങ്ങളെ ആകർഷിക്കണമേ. മോശയും ഏലിയാവും എന്നപോലെ ഞങ്ങൾ എല്ലായ്പോഴും നിന്നോടു സംഭാഷണം ചെയ്യുമാറാകണമേ. ഉയരങ്ങളിലേയ്ക്ക് ഞങ്ങളുടെ ബോധങ്ങളെ ഉയർത്തണമേ" എന്നാണ് പ്രാർത്ഥന.

തന്റെ രണ്ടാമത്തെ വരവാകുന്ന കല്യാണവിരുന്നിൽ പ്രകാശവും വെണ്മയുമുള്ള കല്യാണവസ്ത്രങ്ങൾ ധരിക്കുവാനും 'ഞാൻ പ്രീതിപ്പെട്ടിട്ടുള്ള എന്റെ വത്സല പുത്രൻ ഇവനാകുന്നു; എന്റെ പിതാവിനാൽ അനുഗ്രഹിക്കപ്പെട്ടവരേ, ഒരുക്കപ്പെട്ടിരിക്കുന്ന നിത്യാനന്ദത്തെ അവകാശമാക്കുവിൻ'' എന്നുള്ള സന്തോഷ ശബ്ദം കേൾക്കുവാനും ഞങ്ങൾക്ക് ഇടയാക്കണമേ എന്നും സ്വർഗ്ഗരാജ്യത്തിലെ പ്രകാശ കൂടാരങ്ങളിൽ വിശ്വാസികളായ വാങ്ങിപ്പോയവരോടുള്ള സജീവ സംസർഗ്ഗത്തിൽ വസിക്കുന്ന അനുഭവം എല്ലായ്പോഴും ഞങ്ങളിൽ നിലനിർത്തണമേ എന്നും ഈ ദിവസങ്ങളിൽ പ. സഭ പ്രത്യേകം അപേക്ഷിക്കുന്നു.

താബോറിന്റെ അനുഭവവും മുൾപടർപ്പിൽ മോശയ്ക്കുണ്ടായ അനുഭവവും പ. സഭയുടെ കൗദാശിക-ആരാധനാ ജീവിതത്തെ തന്നെയാണ് വെളിവാക്കുന്നത് എന്നതിനാൽ പ. ദേവാലയ കൂദാശ, പട്ടംകൊട ശുശ്രൂഷ, വിവാഹ കൂദാശ, കബറടക്ക ശുശ്രൂഷ എന്നിങ്ങനെ മിക്കവാറും ആരാധനക്രമങ്ങളിൽ രക്ഷയുടെ മർമ്മം വെളിപ്പെടുന്ന ഈ സംഭവങ്ങൾ ശ്രേഷ്ഠമായ ധ്യാനചിന്തകളായി പിതാക്കന്മാർ ഉപയോഗിക്കുന്നുണ്ട്.

പ. ശ്ലീഹന്മാരെപ്പോലെ 'ഇവൻ എന്റെ വാത്സല്യപുത്രനാകുന്നു' എന്ന് പിതാവായ ദൈവം പുത്രനെ സാക്ഷിക്കുന്ന ശബ്ദം കേൾക്കുവാൻ ഞങ്ങൾക്കും ഭാഗ്യം തരണമേ എന്നും നാം പ്രാർത്ഥിക്കുന്നു. പിതാവിൽ നിന്നും "സർവ്വലോകങ്ങൾക്കും മുമ്പെ ജനിച്ച പ്രകാശത്തിൽ നിന്നുള്ള പ്രകാശവും സത്യദൈവത്തിൽ നിന്നുള്ള സത്യദൈവവും" തങ്ങളുടെ മുന്നിൽ മനുഷ്യാവതാരം ചെയ്ത യേശുവാകുന്ന എന്നതാണല്ലോ സുവിശേഷത്തിന്റെ മർമ്മം. ആ മർമ്മം വെളിവാകുന്നതിൽ പ. കന്യകമറിയാമിനും വി. ശ്ലീഹന്മാർക്കും നിബിയന്മാർക്കുമുള്ള സ്ഥാനവുമൊക്കെ ഏറെ വിശദീകരിക്കുന്ന വായനകളും പ്രാർത്ഥനകളുമാണ് ഈ ആഴ്ചയിൽ കടന്നു വരുന്നത് എന്ന് സാരം.

വി. കൂടാരപെരുന്നാൾ മുതലുള്ള കാലത്തെ, ആരാധന വാർഷിക കലണ്ടറിൽ മഹത്വീകരണ കാലം അഥവാ തേജസ്ക്കരണ കാലം എന്ന് പിതാക്കന്മാർ വിളിക്കുന്നു. പെന്തിക്കോസ്തി കാലം സുവിശേഷ പ്രഘോഷണവും അതുമൂലമുള്ള പ. സഭയുടെ വളർച്ചയും ഒപ്പം വി. ശ്ലീഹന്മാരും അറിയിപ്പുകാരും സഹദേന്മാരും പിതാക്കന്മാരും ആയതിനുവേണ്ടി അനുഭവിച്ച കഷ്ടതകളും മരണവും അനുസ്മരിക്കുന്ന കാലമായിരുന്നെങ്കിൽ തേജസ്ക്കരണ കാലത്തിൽ കഷ്ടതകൾക്ക് അവസാനമുണ്ടെന്നും ക്രിസ്തുവിനെ സാക്ഷിച്ചവർ അവനിൽ മഹത്ത്വപ്പെടുകയും തേജസ്സിൽ ഉയർക്കപ്പെടുകയും ചെയ്യുമെന്ന ആശയത്തിനാണ് ഊന്നൽ നൽകുന്നത്.


"മുടികൾ മുടഞ്ഞവ നിരനിരയായ് ബലിപീഠത്തിലിരിപ്പുണ്ട്..." എന്ന എക്ബോയിൽ ഈ ആശയം വ്യക്തമാണ്. ശാരീരിക മരണം കൊണ്ട് അവസാനിക്കുന്നതല്ല ക്രിസ്തീയ ജീവിതം എന്നും; മറിച്ച് ക്രിസ്തുവിനുവേണ്ടി വെറുമയാക്കപ്പെട്ട് മരിക്കുന്നവർ നിത്യതയിൽ ജീവിച്ച് തേജസ്ക്കരിക്കപ്പെട്ടിരിക്കുന്നുവെന്നുമാണ് ആരാധനാവർഷത്തിലെ ആറാമത്തെ കാലം (കൂടാരപെരുന്നാൾ മുതൽ സ്ലീബാപെരുന്നാൾ വരെ) നമ്മെ പഠിപ്പിക്കുന്നത്.

ശൂനോയോ നോമ്പിന്റെ പശ്ചാത്തലത്തിൽ കൂടാരപെരുന്നാളിന്റെ മഹത്ത്വത്തിൽ ആരംഭിക്കുന്ന ഈ കാലത്ത് പ. ദൈവമാതാവിന്റെ വാങ്ങിപ്പുപെരുന്നാളിൽ മനുഷ്യകുലത്തിന് ലഭിക്കാവുന്ന ഏറ്റവും വലിയ മഹത്വവും അംഗീകാരവും പ. അമ്മയ്ക്ക് ലഭിച്ചുവെന്ന് നാം കാണുന്നു.

അപ്രകാരം മഹത്വീകരിക്കപ്പെടുവാനും "ഇവനെന്റെ പ്രിയ പുത്രൻ/പുത്രി എന്ന സാക്ഷ്യം പിതാവിൽ നിന്നും പുത്രനിലൂടെ പരിശുദ്ധാത്മ കൃപയാൽ കേൾക്കുവാൻ നമുക്കും സാധ്യമായി തീരട്ടെ.

ദൈവം അനുഗ്രഹിക്കട്ടെ. ❑

മെത്രാപ്പോലീത്താമാർക്ക് പഴഞ്ഞി കത്തീഡ്രൽ നൽകിയ സ്വീകരണ ഘോഷയാത്ര.









അഭിമുഖം

തെളിയുന്നു, ഏഴ് പൊൻവിളക്കുകൾ



മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയ്ക്ക് ഇത് ആനന്ദത്തിന്റെ സുദിനം. പുതുതായി 7 മെത്രാപ്പൊലീത്തമാർ ദൈവത്തിന്റെ പരിശുദ്ധാത്മാവിനാൽ അഭിഷിക്തരാകുന്നു. മലങ്കര സഭയ്ക്ക് നവദർശനവും സൂര്യശോഭയും നൽകാൻ ഏഴ് പൊൻവിളക്കുകളിലേക്ക് പരിശുദ്ധാത്മാഭിഷേകമാകുന്ന അഗ്നിനാളം തെളിയും. യേശുക്രിസ്തു തന്റെ ശിഷ്യന്മാർക്കു നൽകിയതായ മഹാപൗരോഹിത്യ പിന്തുടർച്ചയുടെ അവകാശികളായി സഭയുടെ ആത്മീയ നേതൃത്വത്തിലേക്ക് ഇവർ ഉയർത്തപ്പെടും.

ദൈവവിശ്വാസ സംരക്ഷകരായി, സഭയുടെ മഹത്തായ പാരമ്പര്യത്തിന്റെ കാവൽക്കാരായി, സഭാ മക്കളെ ആത്മീയതയുടെ മേച്ചിൽപ്പുറങ്ങളിൽക്കൂടി നയിക്കാനായി ഇടയ ശുശ്രൂഷയിലേക്ക് ഏഴുപേർ കൂടി വിളിച്ചടുപ്പിക്കപ്പെടുന്നു. അതിപൗരാണികമായ പഴഞ്ഞി സെന്റ് മേരീസ് കത്തീഡ്രൽ അനുഗ്രഹീതമായ ശുശ്രൂഷയ്ക്കു വേദിയാകുന്നു. മെത്രാപ്പൊലീത്ത സ്ഥാനത്തേക്ക് ഉയർത്തപ്പെടുന്ന 7 റമ്പാന്മാർ മേയ് മുതൽ ദേവലോകം കാതോലിക്കേറ്റ് അരമനയിൽ ധ്യാനത്തിലും പ്രാർഥനയിലും പരിശീലനത്തിലും മുഴുകിയിരിക്കുകയായിരുന്നു. പരിശുദ്ധ റൂഹായുടെ ആവാസത്താൽ മെത്രാപ്പൊലീത്ത സ്ഥാനാഭിഷേക ശുശ്രൂഷകൾ അനുഗ്രഹപ്രദമായി പൂർത്തിയാക്കാൻ സഭ ഒന്നായി ഒരുക്കത്തോടെ പ്രവേശിക്കുകയാണ്.

പരിശുദ്ധ സഭയുടെ ഭിത്തിയെ ബലവത്താക്കാൻ, ഏൽപിക്കപ്പെട്ടിരിക്കുന്ന ദൗത്യങ്ങൾ യഥാസമയം ഉചിതമായ നിലയിൽ വിനിയോഗിക്കാൻ പുതുതായി അഭിഷിക്തരാകുന്ന മെത്രാപ്പൊലീത്തമാർക്ക് സാധ്യമാകും എന്ന് ഉറച്ച് വിശ്വസിക്കുന്നു. പരിശുദ്ധ സഭയുടെ മഹത്വം ഉയരുവാൻ ഈ അഭിഷേകം സഹായകമാകും. സാക്ഷ്യത്തോടെയും സ്വത്വബോധത്തോടെയും അഭിമാനത്തോടെയും സമൂഹത്തിൽ ജീവിക്കുന്നതിന് വിശ്വാസസമൂഹത്തെ പ്രാപ്തരാക്കാൻ പുതിയ മെത്രാപ്പൊലീത്തമാരുടെ അനുഗ്രഹീത നേതൃത്വത്തിന് സാധ്യമാകട്ടെ എന്ന് പ്രാർഥിക്കുന്നു.

ചേർത്തു പിടിക്കണം, സ്നേഹക്കരുത്തിൽ

'ലക്ഷ്യം ചക്രവാളങ്ങൾ ആയിരിക്കണം.' നിയുക്ത മെത്രാപ്പൊലീത്തമാരെ കണ്ടപ്പോൾ ഗുരുവായ ഫാ. ഡോ. കെ. എം. ജോർജിന് പറയാനുള്ള ആദ്യ കാര്യം ഇതായിരുന്നു. മെത്രാപ്പൊലീത്താ സ്ഥാനത്തേക്ക് ഉയർത്തപ്പെടുന്ന ഏബ്രഹാം തോമസ് റമ്പാൻ, പി. സി. തോമസ് റമ്പാൻ, ഡോ. ഗീവർഗീസ് ജോഷ്വ റമ്പാൻ, ഗീവർഗീസ് ജോർജ് റമ്പാൻ, കൊച്ചുപറമ്പിൽ ഗീവർഗീസ് റമ്പാൻ, ഡോ. കെ. ഗീവർഗീസ് റമ്പാൻ, ചിറത്തിലാട്ട് സഖറിയ റമ്പാൻ എന്നിവരെയാണ് ദേവലോകം കാതോലിക്കേറ്റ് അരമനയിലെ ധ്യാനവും പ്രാർഥനയും പരിശീലനവും പൂർത്തിയായ ഘട്ടത്തിൽ ഫാ. ഡോ. കെ. എം. ജോർജ് കണ്ടത്.

ദൈവനിയോഗത്താൽ പുതിയതായി ഏറ്റെടുക്കുന്ന ഉത്തരവാദിത്തത്തെക്കുറിച്ച് റമ്പാന്മാരും സഭയുടെ പ്രതീക്ഷകളെക്കുറിച്ചു ഫാ. ഡോ. കെ. എം. ജോർജും ദേവലോകം അരമനയിലെ ശാന്തമായ അന്തരീക്ഷത്തിൽ സംസാരിക്കുന്നു: ഇടയൻ എപ്പോഴും ആട്ടിൻപറ്റത്തെ ഉപരിദർശനമാണു നടത്തുന്നത്. ഇപ്പോൾ ആട്ടിൻപറ്റത്തിനു പുല്ല് ലഭിക്കുന്ന സ്ഥലങ്ങൾ നോക്കും. അതിനൊപ്പം ഇനി എങ്ങോട്ട് പുല്ല് തേടിപ്പോകണം എന്നും നോക്കും. ഇതേ ദർശനമാണ് സഭയെ നയിക്കുന്നവർക്കും വേണ്ടതെന്നു ഫാ. കെ.എം.ജോർജിന്റെ അഭിപ്രായം.

ഉപരിദർശനവും ദീർഘദർശനവും ജനങ്ങളെ നയിക്കുന്നതിന് ആവശ്യമാണ്. കോവിഡ് പുതിയ ലോകക്രമം തന്നെ സൃഷ്ടിച്ചു. ഈ സമയത്താണ് വ്യക്തമായ കാഴ്ചപ്പാടുമായി മുന്നിൽനിന്നു നയിക്കുന്നവർ വേണ്ടിവരുന്നത്. എല്ലാവരെയും ഒരുമിച്ചു കൊണ്ടു പോവുക പ്രധാനമെന്നും ഫാ. കെ. എം. ജോർജ് പറഞ്ഞു. താരതമ്യേന ചെറു പ്രായത്തിൽ തന്നെ മെത്രാപ്പൊലീത്ത സ്ഥാനത്തേക്ക് എത്തുന്നവരെക്കുറിച്ച് വലിയ പ്രതീക്ഷകളാണുള്ളതെന്നും അദ്ദേഹം പറഞ്ഞു.

പ്രതീക്ഷ നൽകും യുവത്വം

സമൂഹമാധ്യമങ്ങളെയും യുവജനങ്ങളെയും മാറ്റിനിർത്തി മുൻപോട്ടുള്ള പ്രവർത്തനങ്ങൾ ചിന്തിക്കാൻ കഴിയില്ല. റമ്പാൻമാർക്കും ഫാ. ഡോ. കെ. എം. ജോർജിനും ഈ വിഷയത്തിൽ ഏകാഭിപ്രായമാണ്. യുവജനങ്ങളെ സഭാ പ്രവർത്തനങ്ങളിൽ സജീവമായി എത്തിക്കുക എന്നത് വെല്ലുവിളിയാണ്. യുവജനങ്ങൾ കൂടുതൽ ക്രിയാത്മകമായി ചിന്തിക്കുന്നവരാണ്. അവരെ കേൾക്കുക എന്നതാണ് പ്രധാനം. അങ്ങനെ ചെയ്താൽ ഇവരെ കൂടുതൽ ഫലപ്രദമായി ഉപയോഗിക്കാനാവുമെന്നും റമ്പാൻമാർക്കിടയിൽ അഭിപ്രായമുയർന്നു. സിനിമയിൽ പോലും ഇപ്പോൾ യുവസംവിധായകരുടെ ചിത്രങ്ങളാണ് ഏറെ



ശ്രദ്ധിക്കപ്പെടുന്നത്. ആവിഷ്കാരത്തെ തിരിച്ചറിഞ്ഞ് അതിൽ നിന്ന് പഠിക്കാൻ ശ്രമിക്കുക എന്നതും പ്രധാനപ്പെട്ട കാര്യമാണ്.

ലോകം പ്രതീക്ഷയുടേതും

21-ാം നൂറ്റാണ്ട് അക്രമത്തിന്റേതെന്നു പറയുമ്പോഴും അതു പുതിയ ലോക ക്രമത്തിലേക്കുള്ള യാത്രയാണെന്നു റമ്പാന്മാർ പ്രതീക്ഷ പ്രകടിപ്പിച്ചു. ഇത്തരം അനുഭവങ്ങൾ ഈറ്റുനോവിന്റെ ആരംഭമാണെന്ന് യേശുക്രിസ്തു തന്നെ പറഞ്ഞിട്ടുണ്ട്. വയലൻസ് സൈലൻസിലേക്കും അത് പിന്നീട് നവീകരണത്തിലേക്കും മാറ്റപ്പെടുമെന്നുമുള്ള പ്രതീക്ഷയാണ് റമ്പാന്മാർക്കുള്ളത്.

മറയ്ക്കപ്പെടുന്ന നന്മ

സമൂഹമാധ്യമങ്ങൾ റേറ്റിങ് മാത്രം മുൻനിർത്തി കുപ്രസിദ്ധമായ ചില സംഭവങ്ങൾക്ക് പിന്നാലെ പോകുമ്പോൾ നന്മ ചെയ്യുന്നവരെ തീർത്തും ന്യൂനപക്ഷമായി ഒതുക്കിക്കളയുന്ന പ്രവണത വർധിക്കുന്നതായി സമീപകാല സംഭവങ്ങൾ ചൂണ്ടിക്കാട്ടി വിവരിച്ചപ്പോൾ റമ്പാന്മാരുടെ വാക്കുകളിൽ ആശങ്ക നിഴലിച്ചു. ഈ സാഹചര്യത്തെ എങ്ങനെ മറികടക്കാം എന്നതിൽ കൂടുതൽ പഠനം വേണമെന്ന കാര്യത്തിൽ ആർക്കും സംശയമില്ല. നന്മ ആത്യന്തികമായി നിലനിൽക്കും. പരസ്യമായും രഹസ്യമായും സഭകളും മതങ്ങളും കൂടുതൽ ചെയ്യുന്നതും ഇത്തരം കാര്യങ്ങളാണ്. അതേസമയം സഭയിൽ എവിടെയെങ്കിലും വീഴ്ച സംഭവിച്ചാൽ അതിനെ പർവതീകരിക്കുകയും ഈ ബഹളത്തിൽ നല്ല കാര്യങ്ങൾ മുങ്ങിപ്പോവുകയും ചെയ്യുന്നു.

സമർപ്പണ പാഠം

വർത്തമാന കാലത്ത് മതങ്ങൾക്ക് സംഭവിച്ചിരിക്കുന്ന അപചയങ്ങളെക്കുറിച്ചു നിയുക്ത മെത്രാന്മാർക്ക് വ്യക്തമായ ധാരണയുണ്ട്. 'വേദം അറിയുന്നവൻ വൈദികനല്ല, വേദം അനുഷ്ഠിക്കുന്നവനാണ് വൈദികൻ.' സെമിനാരി പഠന കാലത്തെ വരികൾ ശിഷ്യർ ഓർത്തെടുത്തപ്പോൾ ഫാ. കെ. എം. ജോർജിനും ഏറെ സന്തോഷം. വേദശാസ്ത്രം പറയുന്നത് മാത്രമല്ല, ജീവിതം സംസാരിക്കുന്നവരായി മാറാൻ കഴിയുമ്പോഴാണ് യഥാർഥ ദൗത്യം പൂർണമാകുന്നത്. വലിയ ഇടയനെ നോക്കി പ്രവർത്തിക്കുക എന്നതിനാണ് പ്രാധാന്യം നൽകുന്നതെന്നും അത് സമർപ്പണമാണ് എന്ന ഉത്തമബോധ്യമുണ്ടെന്നും റമ്പാൻമാർ പറഞ്ഞത് ഒരേ സ്വരത്തിലാണ്.

ചേർത്തു പിടിക്കണം

ദലിത് വിഭാഗങ്ങൾ, സമൂഹത്തിൽ അവഗണ നേരിടുന്ന മറ്റു ജനവിഭാഗങ്ങൾ എന്നിവരെ ചേർത്തു പിടിച്ചു മാത്രമേ മുൻപോട്ടു പോകാനാവൂ എന്ന കാര്യത്തിൽ ആർക്കും തർക്കമില്ല. മൂല്യങ്ങളെ സംരക്ഷിക്കേണ്ടതാണ് മതം. എന്നാൽ ഇന്ന് അപരനെ അറിയുന്നവരായി മതം മാറുന്നില്ല. അതിന്റെ പ്രശ്നം മതത്തിലുണ്ട്. ഈ കാഴ്ചപ്പാടിനു മാറ്റം സംഭവിക്കണം. നഷ്ടപ്പെടുന്നതിനെ ചേർത്തു നിർത്തുക, അയൽക്കാരന്റെ ആവശ്യം എന്തെന്നു മറക്കാതിരിക്കുക എന്നീ കാര്യങ്ങളും മുൻഗണന അർഹിക്കുന്നതായി. പ്രകൃതിയുമായി ചേർന്നുള്ള വികസനവും പ്രവർത്തനവും നഷ്ടമാകുന്നതിലും നിയുക്ത ബിഷപ്പുമാർക്ക് ആശങ്കയുണ്ട്. ഇക്കാര്യത്തിൽ മാതൃകാപരമായി എന്തു ചെയ്യാനാവും എന്നതും ചിന്തിക്കേണ്ട വിഷയമാണെന്ന് ഇവർ കൂട്ടിച്ചേർക്കുന്നു.

അവഗണിക്കരുത്

വിശാല സാധ്യതകളുള്ള സമൂഹമാധ്യമങ്ങളെ അവഗണിക്കാൻ കഴിയില്ലെന്ന് റമ്പാന്മാർ അഭിപ്രായപ്പെട്ടു. അതേസമയം ആളുകളെ പൊതുലോകത്തേക്ക് എത്തിക്കാൻ അവരുടെ സ്വകാര്യ ജീവിതത്തിലേക്ക് കയറേണ്ട അവസ്ഥയാണ് സമൂഹമാധ്യമങ്ങളുടെ ലോകം സൃഷ്ടിക്കുന്നതെന്നും ഇവർക്ക് അഭിപ്രായമുണ്ട്. സ്ക്രീൻ സർവതും നൽകും എന്ന് വിശ്വസിക്കുന്ന തലമുറയെയാണ് അഭിസംബോധന ചെയ്യേണ്ടത്. ജനങ്ങളെ ശിഥിലീകരിക്കുന്നതാവരുത് സമൂഹമാധ്യമങ്ങൾ. നെഗറ്റീവ് ഒഴിവാക്കി പോസിറ്റീവ് ആയ കാര്യങ്ങൾ സ്വീകരിക്കുക ഈ വിഷയത്തെക്കുറിച്ചുള്ള ചർച്ച അവസാനിപ്പിച്ചത് ഇങ്ങനെ.

ഒരു ചിരിയാകാം

'സദാസമയവും ചിരിച്ചു കൊണ്ടുള്ള മുഖഭാവം അനിവാര്യമല്ലേ?' റമ്പാന്മാരുടെ കൂട്ടത്തിൽ നിന്ന് ഉയർന്ന ഈ ചോദ്യം ഗൗരവമായ പോയിരുന്ന ചർച്ചയുടെ ഗതി മാറ്റിവിട്ടു. വൈദികൻ എന്നല്ല ഏത് പദവിയിലുള്ള ആളുകൾ ആയാലും 'സെൻസ് ഓഫ് ഹ്യൂമർ' ഉണ്ടാകണമെന്ന് കൂട്ടത്തിൽ നിന്നു തന്നെ മറുപടിയും വന്നപ്പോൾ എല്ലാ റമ്പാന്മാരുടെയും മുഖത്തും ചിരി വിരിഞ്ഞു. നമ്മൾ ചിരിക്കാൻ ശ്രമിച്ചാലും മറ്റുള്ളവർ ഭയവും ബഹുമാനവും കലർന്ന ഭാവത്തോടെ മാറി നിൽക്കുന്നതല്ലേ പതിവെന്ന് കൂട്ടത്തിൽ ഒരാൾ സംശയം ഉന്നയിച്ചു. നല്ല തമാശ ആരും ആസ്വദിക്കുമെന്നും എന്നാൽ അത് 'നല്ലതാണെന്ന്' സ്വയം ബോധ്യം ഉണ്ടാകണമെന്നും ഫാ. കെ.എം.ജോർജ് ഓർമിപ്പിച്ചു.

ബാവായുടെ ശിക്ഷണം

പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ കാതോലിക്കാ ബാവായുടെ ശിക്ഷണത്തിൽ 3 മാസം ഒരുമിച്ച് കഴിഞ്ഞത് പരസ്പരമുള്ള ഇഴയടുപ്പം വർധിപ്പിച്ചതായി റമ്പാന്മാർ പറഞ്ഞു. ആത്മപരിശോധനയ്ക്കും തെറ്റു തിരുത്തലിനുമുള്ള സാഹചര്യമാണ് ലഭിച്ചത്. ഇത് വലിയ ഭാഗ്യമാണെന്നു ജോർജ് അച്ചൻ പറഞ്ഞു. ലോകത്തിന്റെ ബഹളങ്ങളിൽ നിന്ന് ഇടവേളയെടുത്ത് പ്രാർഥനയും ധ്യനത്തിലുമായി കഴിഞ്ഞത് മുൻപോട്ടുള്ള ജീവിതത്തിന് പുതിയ ദിശാബോധം നൽകുമെന്ന കാര്യത്തിൽ ആർക്കും സംശയമില്ല. വിവിധ വിഷയങ്ങളിൽ വ്യത്യസ്ത അഭിപ്രായങ്ങൾ ഉണ്ടാകും. എന്നാൽ സഭയുടെ കാര്യം വരുമ്പോൾ ഒരുമ ഉണ്ടാകണം. ഈ ചിന്തയും ബോധ്യവും ഉള്ളിലുണ്ടാകുമെന്നും ബാവായുടെ നിർദേശങ്ങൾ പുതിയ ചുമതലയിൽ വഴികാട്ടുമെന്നും ഇവർക്ക് ഉറപ്പുണ്ട്.

മനുഷ്യഗന്ധിയായ സഭ

സുകുമാർ അഴീക്കോട്, ഖലീൽ ജിബ്രാൻ, ഭാഗവതഹംസം മള്ളിയൂർ ശങ്കരൻ നമ്പൂതിരി, പി. യു. തോമസ്, ഫിലിപ്പോസ് മാർ ക്രിസോസ്റ്റം, ഡോ. പൗലോസ് മാർ ഗ്രിഗോറിയോസ്, ഗീവർഗീസ് മാർ ഒസ്താത്തിയോസ്, രാമചന്ദ്ര ഗുഹ തുടങ്ങി ഒട്ടേറെ പ്രമുഖരുടെ വാക്കുകളും ജീവിതാനുഭവങ്ങളും സംഭാഷണത്തിനിടയിൽ ഇവർക്കിടയിൽ കടന്നു വന്നു. 2 മണിക്കൂർ നീണ്ട സംഭാഷണം അവസാനിപ്പിക്കുമ്പോൾ സന്തോഷവും പ്രത്യാശയുമായിരുന്നു എല്ലാവരുടെയും മുഖത്ത്. മനുഷ്യഗന്ധിയായ സഭ എന്ന ആശയത്തിനായി നിലനിൽക്കണം എന്ന ഫാ. ഡോ. കെ. എം. ജോർജിന്റെ വാക്കുകൾക്ക് പൂർണ സമ്മതം പറഞ്ഞാണ് റമ്പാന്മാർ സംഭാഷണം നിർത്തിയത്.

തയാറാക്കിയത്: പ്രതീഷ് ജി. നായർ, ജിക്കു തോമസ്



പ്രഭാവവും ഭാരവും

ഡോ. പൗലോസ് മാർ ഗ്രീഗോറിയോസ്

നിങ്ങളെന്നെ യോഗ്യനെന്ന് പ്രഖ്യാപിച്ചിരിക്കുന്നു. ഞാൻ ഈ സ്ഥാനത്തിന് അയോഗ്യനാണെന്ന് എനിക്കറിയാം. ദൈവവും അതറിയുന്നു. ദൈവത്തിനു മാത്രമേ എന്നെ യോഗ്യനായ ഒരു നല്ല ഇടയനാക്കിത്തീർക്കുവാൻ കഴിയൂ. എന്നെ ചെറിയ ആട്ടിൻകൂട്ടത്തിൻറെ കുറ്റമറ്റ മഹാപുരോഹിതനാക്കിത്തീർക്കുവാനും, അവരുടെ മധ്യത്തിൽ ക്രിസ്തുസ്ഥാനീയനായി നിലകൊള്ളുന്ന, അവരെ സേവിക്കുന്ന, അവർക്കുവേണ്ടി കഷ്ടപ്പെടുന്ന, പ്രാർത്ഥിക്കുന്ന, എൻറെ രക്ഷകൻ എനിക്കുവേണ്ടി ജീവൻവച്ചതുപോലെ അവർക്കായി എൻറെ ജീവനെ വയ്ക്കുന്ന, ഒരിടയനാക്കിത്തീർക്കുവാനും ദൈവത്തിനേ കഴിയൂ.

മഹാപുരോഹിതനായ അഹറോന്റെ അംശവസ്ത്രങ്ങൾ ദൈവം നിശ്ചയിച്ചവയായിരുന്നു. സുവർണ്ണനൂൽ, നീലനൂൽ, ചുവപ്പുനൂൽ, ധൂമ്രനൂൽ, പിരിച്ച പഞ്ഞിനൂൽ എന്നിവകൊണ്ടുള്ളതായിരുന്നു ആ വിശുദ്ധവസ്ത്രം (പുറ. 28:5). തിരുവെഴുത്തു പറയുന്നതുപോലെ 'മഹത്വത്തിനും അലങ്കാരത്തിനും' പതക്കം, ഏഫോദ്, നീളക്കുപ്പായം, ചിത്രത്തയ്യലുള്ള നിലയങ്കി, മുടി, നടുക്കെട്ട് എന്നിവയാണ് ദൈവം കല്പിച്ച വിശുദ്ധ വസ്ത്രങ്ങൾ. എന്തിനാണീ മഹത്വവും അലങ്കാരവുമെല്ലാം? പാവപ്പെട്ട ജനങ്ങൾ വസിക്കുന്ന, ദാരിദ്ര്യവും, ലാളിത്യവും വിശുദ്ധിയുടെ പര്യായങ്ങളായി കാണുന്ന നമ്മുടെ നാടിനെ സംബന്ധിച്ചിടത്തോളം വളരെ പ്രസക്തമാണ് ഈ ചോദ്യം.

ക്രിസ്തുവിന്റെ സ്ഥാനത്താണ് മഹാപുരോഹിതൻ നിൽക്കുന്നത്. നമ്മുടെ മദ്ധ്യസ്ഥനായി ദൈവമുമ്പാകെ നിത്യമായി നിൽക്കുന്ന ഏക യഥാർത്ഥ മഹാപുരോഹിതനാണ് ക്രിസ്തു. ക്രിസ്തുവിന്റെ ആ മഹത്വത്തെയാണ് ഭൗമീക മഹാപുരോഹിതനായ മേല്പട്ടക്കാരൻ പ്രതിനിധീകരിക്കുന്നത്. അതിനാൽ ബലിപീഠത്തിങ്കൽ എത്രയും മഹത്തരമായ വസ്ത്രാലങ്കാരത്തോടെ അദ്ദേഹം നിൽക്കണമെന്ന് നമ്മുടെ പാരമ്പര്യം നിഷ്കർഷിക്കുന്നു. എന്നാൽ ദേവാലയത്തിനു പുറത്ത് ഒരു സന്യാസിയുടെ ലളിതമായ വസ്ത്രധാരണമാണ് അദ്ദേഹത്തിനു വേണ്ടത്. ബലിപീഠത്തിങ്കൽ നിൽക്കുന്ന മഹാപുരോഹിതൻറെ 'മഹത്വവും അലങ്കാരവും', ദൈവസന്നിധിയിൽ എല്ലാവർക്കുമായി മദ്ധ്യസ്ഥതയണയ്ക്കുന്ന ക്രിസ്തുവിൻറെ മഹത്വത്തിൻറെയും അലങ്കാരത്തിന്റെയും പ്രതിഫലനമാണ്.

പുറപ്പാട് പുസ്തകത്തിൽ മഹാപുരോഹിതന്റെ വേഷവിധാനങ്ങളിൽ പറയുന്ന പതക്കം, ഏഫോദ്, ഊറീം തുമ്മീം, കിരീടം എന്നിവയെപ്പറ്റിയാണ് എനിക്ക് ഇനിയും പറയുവാനുള്ളത്.

ഏഫോദ്, യഹൂദപുരോഹിതൻ ധരിക്കുന്ന ഒരു മേൽവസ്ത്രമാണ്. സ്വർണ്ണം, നീലനൂൽ, ചുവപ്പുനൂൽ, ധൂമ്രനൂൽ, പിരിച്ച പഞ്ഞിനൂൽ എന്നിവകൊണ്ടാണ് ഇതുണ്ടാക്കുന്നത്. അത്തരമൊന്നും നമുക്കിന്നില്ല. നെഞ്ചിലെ പതക്കത്തിന് മുമ്പിലായി തോളിലൂടെ ഇത് കെട്ടിമുറുക്കുന്നു. ഏഫോദിൻറെ കെട്ടുകളിൽ സ്വർണ്ണത്തിൽ പതിച്ചിട്ടുള്ള രണ്ട് ഗോമേദക കല്ലുകൾ, രണ്ടു തോളിലുമായി ഉണ്ടായിരിക്കും. ഓരോ കല്ലിലും ആറാറുവീതം പന്ത്രണ്ടു ഗോത്രങ്ങളുടെ പേരുകൾ ആ കല്ലുകളിൽ കൊത്തിയിരുന്നു. നെഞ്ചിലെ പതക്കവും, ഏഫോദ് ഉണ്ടാക്കിയ വസ്തുക്കൾ തന്നെ ഉപയോഗിച്ച് നിർമ്മിക്കുന്നതാണ്. സ്വർണ്ണം, നീലനൂൽ, ചുവപ്പുനൂൽ, ധൂമ്രനൂൽ, പിരിച്ച പഞ്ഞിനൂൽ എന്നിവകൊണ്ട് ഉണ്ടാക്കിയ സമചതുരാകൃതിയിലുള്ളതാണ് പതക്കം. അതിൽ നാലു വരികളിലായി പന്ത്രണ്ടു കല്ലുകൾ പതിച്ചിരുന്നു. ഓരോ കല്ലിലും ഓരോ ഗോത്രത്തിന്റെ പേരുകൾ കൊത്തിയിരുന്നു.

ഇതാണ് മഹാപുരോഹിതൻറെ ചിത്രം. അദ്ദേഹം ഇസ്രായേലിലെ പന്ത്രണ്ടു ഗോത്രങ്ങളുടെ പേരുകൾ തൻറെ ചുമലിലും, ഹൃദയത്തിലും വഹിച്ചിരുന്നു. ജനങ്ങളാണ് അദ്ദേഹത്തിൻറെ അഭിമാനവും, മഹത്വത്തിൻറെയും അലങ്കാരത്തിന്റെയും പ്രഭാവസ്ഥാനവും. ഒരിടയൻ കുഞ്ഞാടിനെ തോളിൽ വഹിക്കുന്നതുപോലെ, അദ്ദേഹം അവരെ തന്റെ തോളിൽ വഹിക്കുകയാണ്. അദ്ദേഹം അവരെ തന്റെ ഹൃദയത്തിലാണ് വഹിക്കുന്നത്, കാരണം അവരുടെ ക്ഷേമമാണ് അദ്ദേഹത്തിന്റെ ഏക ലക്ഷ്യം. ജനങ്ങളുടെ ക്ഷേമത്തെപ്പറ്റിയുള്ള ഉത്തരവാദിത്വം; ഹൃദയസ്പർശകവും, അനിർഗ്ഗളവുമായ മദ്ധ്യസ്ഥപ്രാർത്ഥന ഇവ രണ്ടുമാണ് ഒരു മഹാപുരോഹിതൻറെ മഹത്വവും അലങ്കാരവും. ജനങ്ങളുടെ ക്ഷേമത്തെപ്പറ്റിയുള്ള ഉത്തരവാദിത്വത്തെയാണ്, തോളിലെ രണ്ട് ഗോമേദകക്കല്ലുകൾ കുറിക്കുന്നത്. ആ ഉത്തരവാദിത്വമാണ് ജനങ്ങളെക്കുറിച്ച് ശ്രദ്ധാലുവായ, അവരെ പോഷിപ്പിക്കുന്ന, മേച്ചിൽപ്പുറത്തേക്കും നീരുറവയിങ്കലേക്കും അവരെ നയിക്കുന്ന, ചെന്നായ്ക്കളിൽനിന്ന് അവരെ രക്ഷിക്കുന്ന, ആട്ടിൻപറ്റത്തിൻറെ ശത്രുക്കളോട് അടരാടുന്ന, ജനങ്ങൾക്കുവേണ്ടി ജീവൻ വയ്ക്കുവാൻപോലും തയ്യാറാകുന്ന ഒരു നല്ല ഇടയനാക്കി അദ്ദേഹത്തെ തീർക്കുന്നത്.

പ്രാർത്ഥന, മദ്ധ്യസ്ഥത, ദിവസേനയുള്ള ധൂപാർപ്പണം, എല്ലാ ജനങ്ങളുടെയും ക്ഷേമൈശ്വര്യങ്ങൾക്കും, ആത്മീയവളർച്ചയ്ക്കും വി. കുർബാനയർപ്പണം ഇതാണ് യഥാർത്ഥ ഉത്തമ മഹാപുരോഹിതനായ ക്രിസ്തു ചെയ്യുന്നത്. ക്രിസ്തു തൻറെ ജനങ്ങളെ സ്വഹൃദയത്തിൽ വഹിക്കുന്നതുപോലെ മഹാപുരോഹിതൻ തൻറെ ജനങ്ങളെ അമൂല്യരത്നങ്ങളായി ഹൃദയത്തിൽ വഹിച്ചുകൊണ്ട് മുട്ടിപ്പായി പ്രാർത്ഥിക്കുകയാണ്.

നെഞ്ചിലെ പതക്കത്തിനടിയിലായി ഊറീം, തുമ്മീം എന്നറിയപ്പെടുന്ന രണ്ടു കല്ലുകളുണ്ട്. ഞാൻ അദ്ധ്യയനം നടത്തിയിട്ടുള്ള അമേരിക്കയിലെ യേൽ യൂണിവേഴ്സിറ്റിയുടെ മുദ്രാവാക്യം ഈ രണ്ടു എബ്രായ വാക്കുകളാണ്. ഊറീമും, തുമ്മീമും, അതായത് പ്രകാശവും, ധാർമ്മികോന്നമനവും; അറിവും വിശ്വസ്തതയും, വിജ്ഞാനവും സ്വഭാവവൈശിഷ്ട്യവും. ഇവ രണ്ടും ഒരു നല്ല ഇടയൻറെ അത്യാവശ്യ യോഗ്യതകളാണ്. ഏഫോദിൻറെയും പതക്കത്തിൻറേയും മേന്മകളൊക്കെ, ധരിക്കുന്ന മനുഷ്യൻ സ്വഭാവവൈശിഷ്ട്യമില്ലാത്തവനാണെങ്കിൽ വെറും കെട്ടുകഥയായിരിക്കും. തിന്മയെ ചെറുക്കുവാനും, നന്മയെ സധൈര്യം അനുധാവനം ചെയ്യുവാനും അദ്ദേഹം കഴിവുള്ളവനായിരിക്കണം. മാറിലെ പതക്കത്തിനിടയിൽ ഊറിമും തുമ്മീമും ഇല്ലാത്ത മേൽപ്പട്ടക്കാരൻ, പൗരോഹിത്യത്തിന് അപമാനമായിരിക്കും. മേൽപ്പട്ടക്കാരന്റെ ബാഹ്യമായ ആർഭാടങ്ങൾക്ക് നീതീകരണം ലഭിക്കുന്നത് ആന്തരീക ജ്ഞാനത്തിലും, ജീവിതവിശുദ്ധിയിലും മാത്രമാണ്.

അഹറോനും ഒരു കിരീടമുണ്ടായിരുന്നു; അദ്ദേഹത്തിൻറെ ശിരോവസ്ത്രത്തിനു (മുടിക്ക്) ചുറ്റുമായി സ്വർണ്ണംകൊണ്ടുള്ള ഒരു പട്ടം. അതിൽ 'യഹോവയ്ക്ക് വിശുദ്ധം' എന്ന് കൊത്തിയിരുന്നു (പുറ. 28:36). 'യഹോവയ്ക്ക് വിശുദ്ധം' എന്ന് കിരീടം വിളിച്ചുപറയുന്നതെന്തിനെക്കുറിച്ചാണെന്നോ, ഈ മഹാപുരോഹിതനെക്കുറിച്ചും, അദ്ദേഹം പ്രതിനിധാനം ചെയ്യുന്ന ജനത്തെക്കുറിച്ചുമാണ്. ജനങ്ങൾക്കുവേണ്ടി മഹാപുരോഹിതൻ കറപുരളാത്ത വിശുദ്ധിയുടെ ജീവിതമാണ് നയിക്കുന്നത്. സ്നേഹത്തിൽ, കരുണയിൽ, പ്രാർത്ഥനയിൽ, ജനങ്ങളെപ്പറ്റിയുള്ള കരുതലിൽ, ത്യാഗനിർഭരമായ ജീവിതത്തിൽ എല്ലാ അർത്ഥത്തിലും മഹാപുരോഹിതൻ സമർപ്പിത ജീവിതത്തിന്റെ ഉത്തമ നിദർശനമായിരിക്കണം. തന്റെ ജനങ്ങൾ വിശുദ്ധിയിൽ ജീവിക്കുന്നതുപോലെ അദ്ദേഹവും വിശുദ്ധിയിൽ ജീവിക്കുന്നു. അതിനാൽ ഒരു പുരോഹിതന്റെ അത്യാവശ്യ യോഗ്യതകൾ താഴെ പറയുന്ന നാലു കാര്യങ്ങളാണ്.

1) പന്ത്രണ്ടു കല്ലുകളോടുകൂടിയ നെഞ്ചിലെ പതക്കം: ജനങ്ങളെ സ്നേഹിക്കുന്ന, അവരെ കരുതുന്ന, അവർക്കുവേണ്ടി മദ്ധ്യസ്ഥത യാചിക്കുന്ന ഒരു പൗരോഹിത്യശുശ്രൂഷയെയാണ് ഇതു കാണിക്കുന്നത്.

2) ഏഫോദിന്റെ ഗോമേദകകല്ലുകൾ പതിച്ചിട്ടുള്ള കെട്ടുകൾ (ചുമൽക്കണ്ടങ്ങൾ). ജനങ്ങളെക്കുറിച്ചുള്ള ഉത്തരവാദിത്വം, അവരെ തോളിൽ വഹിക്കുവാനുള്ള കടപ്പാട്, ദൈവമുമ്പാകെ അവരെക്കുറിച്ച് ഉത്തരം നൽകേണ്ട കടമ ഇവയെയാണിത് കുറിക്കുന്നത്.

3) ഊറിമും തുമ്മീമും: വിജ്ഞാനത്തേയും സ്വഭാവവൈശിഷ്ട്യത്തെയും കുറിക്കുന്നു. നെഞ്ചിലെ പതക്കത്തിനടിയിലായി അവ മറയ്ക്കപ്പെട്ടിരിക്കുകയാണ്; എന്നാൽ മനുഷ്യന്റെ വ്യക്തിത്വത്തിന്റെ കേന്ദ്രമായി അവ നിലകൊള്ളുന്നു.

4) 'യഹോവയ്ക്ക് വിശുദ്ധം' എന്ന് വിളിച്ചുപറയുന്ന തലയിലെ പട്ടം. പ്രാർത്ഥനാനിരതവും കുറ്റരഹിതവുമായ ജീവിതത്തെ-വിശുദ്ധ ജീവിതത്തെ-ആകുന്നു ഇതു കാണിക്കുന്നത്.

അതിനാൽ ഒരു മേല്പ്പട്ടക്കാരന്റെ വെട്ടിത്തിളങ്ങുന്ന വേഷവിധാനങ്ങൾ, അദ്ദേഹത്തിൽ നിന്നു പ്രതീക്ഷിക്കപ്പെടുന്ന ഉന്നതമായ സ്വഭാവത്തിന്റെ പ്രതീകമാണ്. പന്ത്രണ്ടു വർഷങ്ങൾക്കുമുമ്പ് ഈ ഉത്തരവാദിത്വത്തിൽ നിന്നും എന്നെ ഒഴിവാക്കണമെന്ന് ആവശ്യപ്പെടാൻ എന്നെ പ്രേരിപ്പിച്ച ഘടകം ഇതാണ്. എപ്പിസ്ക്കോപ്പാ പദവി എനിക്ക് ആഗ്രഹിക്കാൻ കഴിയാത്തവിധം അത്രയ്ക്ക് ഉന്നതമായ ഒരു സ്ഥാനമാണെന്ന ചിന്തയാണെനിക്കുള്ളത്. ഈ സ്ഥാനത്തെക്കുറിച്ചും കർത്താവ് എന്നിൽ നിന്നും എന്താണ് പ്രതീക്ഷിക്കുന്നതെന്നുള്ളതിനെക്കുറിച്ചും എനിക്കു ഭയമുണ്ട്. ദൈവവിളിക്കു മുമ്പിൽ ഭയത്തോടും വിറയലോടും കൂടെയാണ് ഞാൻ തലകുനിച്ചത്.

സ്വന്തം കഴിവുകളിൽ ആശ്രയിച്ചുകൊണ്ട് യാതൊരുവനും ഈ പദവിയിലേക്ക് വരുവാൻ സാദ്ധ്യമല്ല. ദൈവത്തിന്റെ കരുണയിലും എന്റെ ജനത്തിന്റെ പ്രാർത്ഥനയിലും, ഇവ രണ്ടിലുമേ എനിക്ക് ആശ്രയിക്കാനാവൂ. ദൈവകൃപയില്ലെങ്കിൽ ഞാനേതുമില്ല. ആ അളവറ്റ കൃപയിലും നിങ്ങളുടെ ഹൃദയംഗമമായ പ്രാർത്ഥനകളിലും സങ്കേതപ്പെട്ടുകൊണ്ട് ദൈവം എന്നെ ഇരുത്തിയിരിക്കുന്ന ഈ ദൈവീക സിംഹാസനത്തെ, ഞാൻ സ്വീകരിക്കുന്നു.

സ്വന്തം ജനത്തിന്റെ പൗരനേതാവും കൂടെയാണ് ഒരു മേല്പ്പട്ടക്കാരൻ. ആ നിലയിൽ അദ്ദേഹത്തിന്റെ കർത്തവ്യങ്ങളെപ്പറ്റിയും ഒരു വാക്കു പറഞ്ഞുകൊള്ളട്ടെ.

ഒരു മേല്പ്പട്ടക്കാരന് എല്ലാ അർത്ഥത്തിലും ഒരു സന്യാസിയായിരിപ്പാൻ

സ്വന്തം കഴിവുകളിൽ ആശ്രയിച്ചുകൊണ്ട് യാതൊരുവനും ഈ പദവിയിലേക്ക് വരുവാൻ സാദ്ധ്യമല്ല. ദൈവത്തിന്റെ കരുണയിലും എന്റെ ജനത്തിന്റെ പ്രാർത്ഥനയിലും, ഇവ രണ്ടിലുമേ എനിക്ക് ആശ്രയിക്കാനാവൂ.

കഴിയുന്നതല്ല. ലോകത്തിൽ നിന്നും രാഷ്ട്രത്തിൽ നിന്നും പൂർണ്ണമായും വേർപെട്ടു ജീവിക്കുവാൻ അദ്ദേഹത്തിനു കഴിയുകയില്ല. എല്ലാ മനുഷ്യർക്കുംവേണ്ടിയുള്ള എൻറെ ലോകവ്യാപകമായ പ്രവർത്തനങ്ങൾ, പ്രത്യേകിച്ച് അടിച്ചമർത്തപ്പെടുന്നവരും, മർദ്ദിതരും, ചൂഷിതരും, ദരിദ്രരുമായ മനുഷ്യർക്കുവേണ്ടിയുള്ള പ്രവർത്തനങ്ങൾ തുടരുന്നതിന് ദൈവം എനിക്ക് ശക്തിതരുവാൻ ഞാൻ പ്രാർത്ഥിക്കുന്നു. ദക്ഷിണാഫ്രിക്കയിലെ കറുത്തവർക്കുവേണ്ടിയും അമേരിക്കൻ ഐക്യനാടുകളിലെ അമേരിക്കൻ ഇൻഡ്യാക്കാർക്കുവേണ്ടിയും, ലാറ്റിൻ അമേരിക്കയിലും, ഏഷ്യൻ ആഫ്രിക്കയിലുമുള്ള ദരിദ്രവിഭാഗത്തിനുവേണ്ടിയും ഉള്ള എന്റെ എളിയ പ്രവർത്തനങ്ങൾ ഞാൻ തുടരുന്നതാണ്. ഈ രാജ്യത്തിലെ പാവപ്പെട്ടവരും ചൂഷിതരുമായ ജനങ്ങൾക്കുവേണ്ടി പ്രവർത്തിക്കുവാൻ ഞാൻ സ്വയം സമർപ്പിച്ചിരിക്കുന്നു. അവരുടെ ക്ഷേമം എൻറെ രാജ്യത്തിൻറെ ക്ഷേമമായി ഞാൻ കാണുന്നു. ദരിദ്രർക്കും മർദ്ദിതർക്കും നീതി കിട്ടുവാൻ വേണ്ടി ഞാൻ ഉദ്യുക്തനായിരിക്കുന്നു. അതിനാൽ മനുഷ്യർക്ക് ദൈനംദിന ആവശ്യത്തിനുള്ള ഉല്പാദിതവസ്തുക്കൾ അനായാസേന ലഭിക്കുന്ന ഒരു സാമ്പത്തിക വ്യവസ്ഥിതിക്കുവേണ്ടി ഞാൻ നിലകൊള്ളുന്നു. ആ വസ്തുക്കൾ സമൂഹത്തിലെ അപൂർവം ചിലരാലോ ഗവർമെൻറിനാൽ മാത്രമോ നിയന്ത്രിക്കപ്പെടേണ്ടതല്ല. വിദേശശക്തികളുടെ ഇടപെടലുകളിൽ നിന്നും സ്വതന്ത്രമായ; ജനങ്ങളെ ബാധിക്കുന്ന സുപ്രധാന നിയമങ്ങളുടെ നിർമ്മാണത്തിൽ ജനങ്ങൾക്ക് പങ്കാളിത്തം ലഭിക്കുന്ന; കള്ളക്കടത്തുകാർ, കരിഞ്ചന്തക്കാർ, കോഴ കൊടുക്കുകയും വാങ്ങുകയും ചെയ്യുന്നവർ, അധികാരം ദുർവിനിയോഗം ചെയ്യുന്നവർ തുടങ്ങിയ സാമൂഹ്യ വിരുദ്ധന്മാരെ ജനങ്ങൾ തന്നെ ശിക്ഷിക്കുന്ന ഒരു രാഷ്ട്രത്തിനുവേണ്ടി ഞാൻ നിലകൊള്ളുന്നു.

നമ്മുടെ രാഷ്ട്രത്തിന്റെ തലസ്ഥാനത്തുള്ള ഈ സിംഹാസനത്തിന്റെ ചുമതല സ്വീകരിക്കുന്നത് ഒരു രാഷ്ട്രസേവനം കൂടെയാണ് എന്ന നിലയിൽ രാഷ്ട്രത്തോടു തന്നെയുള്ള ഒരു വലിയ ചുമതലയുടെ സ്വീകരണമായി ഞാൻ ഇതിനെ കണക്കാക്കുന്നു. ജനങ്ങളുടെ ഹിതമറിഞ്ഞ് പ്രവർത്തിക്കുവാൻ ഞാൻ എപ്പോഴും ഒരുക്കമായിരിക്കും. രാഷ്ട്രത്തോടു നീതിയെയും സമാധാനത്തെയും കുറിച്ച് പ്രസംഗിക്കുവാൻ ഞാൻ ശ്രമിക്കും. ഇന്നാട്ടിലെ ജനക്ഷേമത്തിനുള്ള എല്ലാ പ്രവർത്തനങ്ങളിലും എൻറേതായ സേവനം നൽകാൻ ഞാൻ തയ്യാറാണെന്ന് എൻറെ ജനത്തിന്റെ നേതാക്കന്മാരോട് ഞാൻ വാഗ്ദാനം ചെയ്യുന്നു.

റോമൻകത്തോലിക്കാ, പ്രോട്ടസ്റ്റൻറ്, ഓർത്തഡോക്സ് സഭകളുടെ വിശാലമായ ക്രിസ്തീയ കൂട്ടായ്മക്കുവേണ്ടി എൻറേതായ പങ്കു വഹിക്കാൻ ഞാൻ സന്നദ്ധനാണ്. ജനങ്ങളുടെ ക്ഷേമത്തിനായുള്ള ക്രിസ്തീയ സഭകളുടെ എല്ലാ പ്രവർത്തനങ്ങളിലും സേവനത്തിന്റെ സന്തോഷകരമായ ഭാരം വഹിക്കുന്നതിൽ പങ്കുകൊള്ളാൻ ഞാൻ ഒരുക്കമാണ്. ഒരു ഉപദേശകനെന്ന നിലയിൽ എന്റെ പരിമിതമായ കഴിവുകൾ ഈ തലസ്ഥാനനഗരിയിലെ ക്രൈസ്തവർക്കും, മറ്റുള്ളവർക്കും പ്രയോജനപ്പെടുത്തുവാൻ കഴിയുമെന്നും ഞാൻ ആശിക്കുന്നു.

ഈ നഗരത്തിലും ഈ രാജ്യത്തിലുമുള്ള ബുദ്ധിജീവികളോടൊത്ത് പ്രവർത്തിക്കുവാൻ ഞാനാഗ്രഹിക്കുന്നു. ദേശീയപദ്ധതികളുടെ ആസൂത്രണത്തിൽ മാത്രമല്ല, ദേശീയ താല്പര്യങ്ങളുടെ പുനഃചിന്തനത്തിലും, പുതിയ ദേശീയ നയങ്ങളുടെ ആവിഷ്ക്കരണത്തിനും എനിക്ക് താല്പര്യമുണ്ട്. സംഗീതം, ശില്പവിദ്യ, വാസ്തുശില്പവേല മുതലായ കലകളുടെ ആസ്വാദനത്തിൽ ഞാൻ തല്പരനാണ്. ഈ നഗരത്തിലെ സാംസ്ക്കാരിക ജീവിതത്തിൽ പങ്കാളിയാകുവാൻ ഞാൻ ആഗ്രഹിക്കുന്നു.

ഈ തലസ്ഥാന നഗരിയിൽ മുഴുവൻ സമയവും താമസിച്ചുകൊണ്ട് എന്റെ ഈ താല്പര്യങ്ങളോട് നീതി പുലർത്തുവാൻ കഴിഞ്ഞെങ്കിൽ എന്നാശിക്കുകയാണ്. എൻറെ സഭയുടെ വേദശാസ്ത്രവിദ്യാഭ്യാസത്തിലും, സഭയുടെ ബാഹ്യകാര്യങ്ങളിലും എനിക്കുള്ള ചുമതലകൾ തുടരേണ്ടതുകൊണ്ട് എൻറെ സമയത്തിന്റെ ഏറിയപങ്കും, സഭയുടെ ആസ്ഥാനമായ കോട്ടയത്ത് ചെലവിടേണ്ടി വരും. കാലക്രമേണ തലസ്ഥാനനഗരിയിൽ കൂടുതൽ സമയം താമസിക്കുവാനും, ഇവിടുത്തെ പ്രവർത്തനങ്ങളിൽ ഭാഗഭാക്കാകുവാനും സാധിക്കുമെന്ന് ഞാൻ പ്രത്യാശിക്കുന്നു.

(ഡൽഹി ഭദ്രാസന ഇടവകയുടെ ഭരണം ഏറ്റെടുത്തുകൊണ്ട് ചെയ്ത നയപ്രഖ്യാപന പ്രസംഗം. 1976 ജൂലൈ 11, സഫ്ദർജങ്ങ് സെൻറ് മേരീസ് പള്ളി, ന്യൂഡൽഹി)

❑

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ
MALANKARA ORTHODOX SYRIAN CHURCH




മെത്രാഭിഷേക ശുശ്രൂഷയിൽ പങ്കെടുക്കാൻ എത്തിയ റഷ്യൻ ഓർത്തഡോക്സ് സഭയുടെ എക്സ്റ്റേണൽ ചർച്ച് അഫേഴ്സ് സെക്രട്ടറി ഫാ. സ്റ്റെഫാൻ ഇഗുമ്നോവയുമായും, വത്തിക്കാൻ പ്രതിനിധി ഹൈസിൻദ് ദെസ്തിവെലെമായും കുന്നംകുളം ആർത്താറ്റ് അരമനയിൽ പ. കാതോലിക്കാ ബാവായുമായി കൂടിക്കാഴ്ച നടത്തി.



മെത്രാപ്പോലീത്തയായി ഉയർത്തപ്പെട്ട ഡോ. ഗീവർഗീസ് മാർ ബർണബാസിനെ പരുമല സെമിനാരി ആദരിച്ചു.



നവാഭിക്ഷിക്തരായ മെത്രാപ്പോലീത്താമാർക്ക് ആർത്താറ്റ് അരമനയിൽ സ്വീകരണം നൽകി. ലളിതമായ ചടങ്ങിൽ കുന്നംകുളം ഭദ്രാസന സഹായ മെത്രാപ്പോലീത്ത ഡോ. ഗീവർഗീസ്സ് മാർ യൂലിയോസ് അധ്യക്ഷത വഹിച്ചു. ഭദ്രാസനം സെക്രട്ടറി ഫാ. ജോസഫ് ചെറുവത്തൂർ, ജ്യോതിസ് ആശ്രമം മാനേജർ ഫിലിപ്പോസ് റമ്പാൻ, ഫാ. മാത്യൂസ് കെ. ബർസൗമ്മ, ഫാ. കെ. പി. ഗീവർഗീസ് എന്നിവർ പങ്കെടുത്തു.

അഭിഷേകത്തിന്റെ ചരിത്രത്തിളക്കത്തിൽ പഴഞ്ഞിപ്പള്ളി

കോട്ടയം മാർ ഏലിയാ കത്തീഡ്രൽ കഴിഞ്ഞാൽ മലങ്കര ഓർത്തഡോക്സ് സഭയിൽ ഏറ്റവും കൂടുതൽ മേൽപ്പട്ടക്കാരുടെ സ്ഥാനാഭിഷേക ശുശ്രൂഷ നടന്ന പള്ളിയെന്ന ഖ്യാതി ഇന്നു മുതൽ കുന്നംകുളം പഴഞ്ഞി സെന്റ് മേരീസ് ഓർത്തഡോക്സ് കത്തീഡ്രലിനു സ്വന്തം. പരുമല സെമിനാരിയും ഒപ്പമുണ്ട്. 19–ാം നൂറ്റാണ്ടു മുതൽ ഇതുവരെ 13 മേൽപ്പട്ടക്കാരാണു പഴഞ്ഞിപ്പള്ളിയിൽ കൈവയ്പ് ശുശ്രൂഷ നേടി സഭാ ഇടയ സ്ഥാനത്തേക്ക് എത്തുന്നത്.

മലങ്കര മെത്രാപ്പൊലീത്ത പുലിക്കോട്ടിൽ ജോസഫ് മാർ ദിവന്നാസിയോസ് (സഭാ ജ്യോതിസ് എന്നറിയപ്പെട്ട ദിവ്യ ഇടയൻ) സ്ഥാനാരോഹണം നടത്തിയത് 1815 മാർച്ച് 21–ന് രാജഭരണകാലത്താണ്. 1978 മേയ് 15–ന് 5 എപ്പിസ്കോപ്പാമാരുടെ സ്ഥാനാഭിഷേകം നടന്നു. ഇപ്പോൾ 7 പുതിയ പിതാക്കന്മാരുടെ വാഴ്ചയ്ക്കും പഴഞ്ഞിപ്പള്ളി വേദിയാകുന്നു. സമീപത്തുള്ള കുന്നംകുളം ചിറളയം സെന്റ് ലാസറസ് പള്ളിയിൽ 1877 മേയ് 17–ന് 2 മേൽപട്ടക്കാർ വാഴിക്കപ്പെട്ടു. കരവട്ട് ശെമവോൻ മാർ ദിവന്നാസിയോസ്, പിന്നീട് മലങ്കരയിലെ ഒന്നാം കാതോലിക്കായായിത്തീർന്ന മുറിമറ്റത്ത് പൗലോസ് മാർ ഈവാനിയോസ് എന്നിവർ.

2008ൽ പുതിയ പള്ളി പണിതപ്പോഴും നൂറ്റാണ്ടുകൾ പഴക്കമുള്ള പഴയ പള്ളി അതേപടി നിലനിർത്തിയതും സഭയുടെ അപൂർവമായ സമ്പത്തായി മാറി. പരിശുദ്ധ പരുമല തിരുമേനി കരയും കടലും കടന്നു ജറുസലം സന്ദർശനത്തിനു പോയപ്പോൾ പഴഞ്ഞിപ്പള്ളിയിൽ വന്നു പ്രാർഥിച്ചിട്ടാണു പോയത്. തിരികെയെത്തിയപ്പോഴും ഇവിടയെത്തി പ്രാർഥിച്ചു. പരിശുദ്ധ ബസേലിയോസ് യൽദോ ബാവായുടെ തിരുശേഷിപ്പിനാൽ അനുഗ്രഹീതവുമാണ് പള്ളി.



നവാഭിക്ഷിക്തരായ മെത്രാപ്പോലീത്താമാർക്ക് മങ്ങാട് പള്ളിയിൽ നൽകിയ സ്വീകരണം.



നവാഭിഷിക്ത മെത്രാപ്പോലീത്താ ഗീവർഗീസ് മാർ പീലക്സീനോസിനെ പരുമല സെമിനാരി ആദരിച്ചു.

ലേഖനം



മെത്രാപ്പോലീത്താമാരുടെ നാമങ്ങൾ

ഡോ. വിപിൻ കെ. വറുഗീസ്, പാമ്പാടി

മലങ്കരസഭയ്ക്ക് 7 മേൽപട്ടക്കാർ അഭിഷിക്തരായിരിക്കുകയാണ്. ആദിമ സഭയിലെ പിതാക്കന്മാരുടെ നാമങ്ങളാണ് ഇവർക്ക് നൽകുന്നത്. ആരാധനകളിലും സഭയുടെ ഔദ്യോഗിക തലങ്ങളിലും ഈ പേരുകളിലാണ് ഈ പിതാക്കന്മാർ അറിയപ്പെടുന്നത്. ഈ പേരുകളുടെ ചരിത്രമാണ് ഇവിടെ പ്രതിപാദിക്കുന്നത്.

മാർ സ്തേഫാനോസ് (ഏബ്രഹാം മാർ സ്തേഫാനോസ്)

കിരീടം എന്നതാണ് ഈ നാമത്തിന്റെ അർത്ഥം. ആദിമ സഭയിലെ 7 ശെമ്മാശൻമാരിൽ ഒരാളാണ് സ്തേഫാനോസ്. ഇദ്ദേഹം കല്ലേറ് കൊണ്ട് രക്തസാക്ഷിയാകുന്ന കാര്യം അപ്പോസ്തോല പ്രവൃത്തികളിൽ പരാമർശിക്കുന്നു. മലങ്കര സഭയിൽ ഈ പേരിൽ ആദ്യമായിട്ടാണ് ഒരു പിതാവ് സ്ഥാനമേൽക്കുന്നത്. കൽക്കട്ട ഭദ്രാസന മെത്രാപ്പോലീത്തായായിരുന്ന ഡോ. സ്തേഫാനോസ് മാർ തേവോദോസ്യോസ് പിതാവിന്റെ ആദ്യ നാമമായി സ്തേഫാനോസ് ഉപയോഗിച്ചിരുന്നു. പുന്നൂസ് എന്ന അദ്ദേഹത്തിന്റെ മാമോദീസാ പേരിന്റെ വേദപുസ്തക നാമമായിട്ടാണ് സ്തേഫാനോസ് എന്ന പേര് ആദ്യ നാമമായി സ്വീകരിച്ചത്.

മാർ ഈവാനിയോസ് (തോമസ് മാർ ഈവാനിയോസ്)

യഹോവയുടെ കരുണയുള്ളവൻ എന്നതാണ് ഈ നാമത്തിന്റെ അർത്ഥം. കുസ്തന്തീനോസ് പൊലീസിലെ പാത്രിയർക്കീസും സത്യവിശ്വാസ സംരക്ഷകനുമായ പിതാവാണ് പരിശുദ്ധ യൂഹാനോൻ മാർ ക്രിസോസ്റ്റം. സ്വർണ്ണനാവുകാരനായ മാർ ഈവാനിയോസ് എന്നും ഇദ്ദേഹം അറിയപ്പെടുന്നു. ഇദ്ദേഹത്തെ അഞ്ചാം തുബ്ദേനിൽ സ്മരിക്കുന്നു. മലങ്കര സഭയിൽ ഈ നാമം ലഭിക്കുന്ന ഏഴാമത്തെ പിതാവാണ് ഇദ്ദേഹം. മുൻപ് തൊഴിയൂർ മെത്രാപ്പോലീത്തായായിരുന്ന ജോസഫ് മാർ ഈവാനിയോസ്, കണ്ടനാട് ഭദ്രാസന മെത്രാപ്പോലീത്താമാരായിരുന്ന പൗലോസ് മാർ ഈവാനിയോസ് (പരിശുദ്ധ ബസേലിയോസ് പൗലോസ് പ്രഥമൻ കാതോലിക്കാ ബാവാ), യുയാക്കീം മാർ ഈവാനിയോസ്, ബഥനിയുടെ മെത്രാപ്പോലീത്തായായിരുന്ന ഗീവർഗീസ് മാർ ഈവാനിയോസ്, കോട്ടയം ഭദ്രാസന മെത്രാപ്പോലീത്താമാരായിരുന്ന മാത്യൂസ് മാർ ഈവാനിയോസ്, ഗീവർഗീസ് മാർ ഈവാനിയോസ് എന്നിവർ ഈ നാമം സ്വീകരിച്ചിട്ടുണ്ട്.

മാർ തെയോഫിലോസ് (ഡോ. ഗീവർഗീസ് മാർ തെയോഫിലോസ്)

ദൈവത്തിന്റെ സ്നേഹിതൻ എന്നതാണ് ഈ നാമത്തിന്റെ അർത്ഥം. അന്ത്യോഖ്യയിലെയും അലക്സാന്ത്രിയായിലെയും പാത്രിയർക്കീസുമാരായിരുന്ന പിതാക്കന്മാരാണ് മാർ തെയോഫിലോസ്.

മലങ്കരസഭയിൽ ഈ നാമം ലഭിക്കുന്ന നാലാമത്തെ പിതാവാണ് ഇദ്ദേഹം. ബഥനിയുടെ എപ്പിസ്കോപ്പായായിരുന്ന യാക്കോബ് മാർ തെയോഫിലോസ്, അങ്കമാലി, ബോംബെ ഭദ്രാസനങ്ങളുടെ മെത്രാപ്പോലീത്തായായിരുന്ന ഡോ. ഫിലിപ്പോസ് മാർ തെയോഫിലോസ്, മലബാർ ഭദ്രാസന മെത്രാപ്പോലീത്തായായിരുന്ന ഡോ. സഖറിയാ മാർ തെയോഫിലോസ് എന്നിവർ ഈ നാമം സ്വീകരിച്ചിട്ടുണ്ട്.

മാർ പീലക്സീനോസ് (ഗീവർഗീസ് മാർ പീലക്സീനോസ്)

അപരിചിതരുടെ സ്നേഹിതൻ എന്നതാണ് ഈ നാമത്തിന്റെ അർത്ഥം. സുറിയാനി സഭയുടെ മാബൂഗിലെ മെത്രാപ്പോലീത്തായായിരുന്നു മാർ പീലക്സീനോസ്. ഇദ്ദേഹത്തെ അഞ്ചാം തുബ്ദേനിൽ സ്മരിക്കുന്നു.

മലങ്കര സഭയിൽ ഈ നാമം ലഭിക്കുന്ന എട്ടാമത്തെ പിതാവാണ് ഇദ്ദേഹം. മുൻപ് തൊഴിയൂരിന്റെ മെത്രാപ്പോലീത്തായായിരുന്ന സ്കറിയാ മാർ പീലക്സീനോസ്, മലങ്കര മെത്രാപ്പോലീത്തായായിരുന്ന ഗീവർഗീസ് മാർ പീലക്സീനോസ്, കോട്ടയം ഭദ്രാസന മെത്രാപ്പോലീത്തായായിരുന്ന ഗീവർഗീസ് മാർ പീലക്സീനോസ് (പരിശുദ്ധ ബസേലിയോസ് ഗീവർഗീസ് പ്രഥമൻ കാതോലിക്കാ ബാവാ), തുമ്പമൺ ഭദ്രാസന മെത്രാപ്പോലീത്താമാരായിരുന്ന ഗീവർഗീസ് മാർ പീലക്സീനോസ്, ദാനിയേൽ മാർ പീലക്സീനോസ്, കണ്ടനാട് ഭദ്രാസന മെത്രാപ്പോലീത്തയായിരുന്ന പൗലോസ് മാർ പീലക്സീനോസ്, ഡൽഹി ഭദ്രാസന മെത്രാപ്പോലീത്തായായിരുന്ന ഈയോബ് മാർ പീലക്സീനോസ് എന്നിവർ ഈ നാമം സ്വീകരിച്ചിട്ടുണ്ട്.

മാർ പക്കോമിയോസ് (ഗീവർഗീസ് മാർ പക്കോമിയോസ്)

പുഷ്ടിപ്പെടുത്തുന്നവൻ എന്നതാണ് ഈ നാമത്തിന്റെ അർത്ഥം. ക്രൈസ്തവ സന്യാസപ്രസ്ഥാനത്തിന്റെ സ്ഥാപകരിൽ ഒരാളാണ് ഈജിപ്തുകാരനായ പരിശുദ്ധ മാർ പക്കോമിയോസ്. മലങ്കരസഭയിൽ ഈ നാമം ലഭിക്കുന്ന മൂന്നാമത്തെ പിതാവാണ് ഇദ്ദേഹം. മുൻപ് കണ്ടനാട് ഭദ്രാസന മെത്രാപ്പോലീത്തായായിരുന്ന ജോസഫ് മാർ പക്കോമിയോസ്, മാവേലിക്കര ഭദ്രാസന മെത്രാപ്പോലീത്തായായിരുന്ന പൗലോസ് മാർ പക്കോമിയോസ് എന്നിവർ ഈ നാമം സ്വീകരിച്ചിട്ടുണ്ട്.

മാർ ബർണബാസ് (ഡോ. ഗീവർഗീസ് മാർ ബർണബാസ്)

ആശ്വാസപുത്രൻ എന്നതാണ് ഈ നാമത്തിന്റെ അർത്ഥം. അപ്പോസ്തോല

പ്രവൃത്തികളിൽ പരാമർശിക്കുന്ന സഭാ പിതാവാണ് പരിശുദ്ധ ബർണബാസ്. മലങ്കര സഭയിൽ ഈ നാമം ലഭിക്കുന്ന രണ്ടാമത്തെ പിതാവാണ് ഇദ്ദേഹം. മുൻപ് അമേരിക്ക ഭദ്രാസന മെത്രാപ്പോലീത്തായായിരുന്ന മാത്യൂസ് മാർ ബർണബാസ് ഈ നാമം സ്വീകരിച്ചിട്ടുണ്ട്.

മാർ സേവേറിയോസ് (സഖറിയാ മാർ സേവേറിയോസ്)

കൃത്യനിഷ്ഠയുള്ളവൻ എന്നതാണ് ഈ നാമത്തിന്റെ അർഥം. അന്ത്യോഖ്യാ പാത്രിയർക്കീസായിരുന്ന പിതാവാണ് പരിശുദ്ധ മാർ സേവേറിയോസ്. ദൈവ മാതാവായ കന്യകമറിയാം സംശയം കൂടാതെ ദൈവമാതാവാണ് എന്ന് പ്രഖ്യാപിച്ച പിതാവായ ഇദ്ദേഹത്തെ അഞ്ചാം തുബ്ദേനിൽ സ്മരിക്കുന്നു.

മലങ്കര സഭയിൽ ഈ നാമം ലഭിക്കുന്ന ഏഴാ മത്തെ പിതാവാണ് ഇദ്ദേഹം. മുൻപ് ക്നാനായ ഭദ്രാസന മെത്രാപ്പോലീത്തായായിരുന്ന ഗീവർഗീസ് മാർ സേവേറിയോസ്, നിരണം ഭദ്രാസന മെത്രാപ്പോലീത്തായായിരുന്ന ജോസഫ് മാർ സേവേറിയോസ്, കൊച്ചി ഭദ്രാസന മെത്രാപ്പോലീത്താമാരായിരുന്ന പൗലോസ് മാർ സേവേറിയോസ്, യൂഹാനോൻ മാർ സേവേറിയോസ്, അങ്കമാലി ഭദ്രാസന മെത്രാപ്പോലീത്തയായിരുന്ന ഏബ്രഹാം മാർ സേവേറിയോസ്, കണ്ടനാട് ഭദ്രാസന മെത്രാപ്പോലീത്താ ഡോ. മാത്യൂസ് മാർ സേവേറിയോസ് (പ. ബസേലിയോസ് മാർത്തോമാ മാത്യൂസ് തൃതീയൻ കാതോലിക്കാ ബാവാ) എന്നിവർ ഈ നാമം സ്വീകരിച്ചിട്ടുണ്ട്.

(നവാഭിഷിക്ത മെത്രാപ്പോലീത്താമാരെ തിരഞ്ഞെടുത്ത കോലഞ്ചേരിയിൽ കൂടിയ മലങ്കര സുറിയാനി ക്രിസ്ത്യാനി അസോസിയേഷന്റെ അസിസ്റ്റന്റ് റിട്ടേണിംഗ് ഓഫീസറായിരുന്നു ലേഖകൻ)

ലേഖനം

സ്ഥാനാഭിഷിക്തനാകുന്നത് ആദ്യത്തെ സ്തേഫാനോസ്

ഡെറിൻ രാജു



സ്ഥാനാഭിഷിക്തനാകുന്നത് രണ്ടാമത്തെ ബർന്നബാസ്, മൂന്നാമത്തെ പക്കോമിയോസ്, നാലാമത്തെ തെയോഫിലോസ്, അഞ്ചാമത്തെ പീലക്സിനോസ്, ആറാമത്തെ ഈവാനിയോസ്, സേവേറിയോസ്.

പതിനെട്ടാം നൂറ്റാണ്ട് മുതലാണ് മലങ്കര സഭയിലെ മേൽപ്പട്ടക്കാർ ഗ്രീക്ക് നാമങ്ങൾ സ്വീകരിച്ചു തുടങ്ങിയത്. അന്ത്യോഖ്യൻ സഭയുമായിട്ടുള്ള ബന്ധമാണ് ഗ്രീക്ക് പേരുകൾ നമ്മെ പരിചയപ്പെടുത്തിയത്. അതിനു മുമ്പ് നമുക്ക് ബന്ധമുണ്ടായിരുന്ന പേർഷ്യൻ സഭയിൽ മെത്രാപ്പോലീത്താമാർ ഗ്രീക്ക് നാമങ്ങൾ സ്വീകരിച്ചിരുന്നില്ല. അവർ മാർ യൗസേഫ്, മാർ അബ്രഹാം തുടങ്ങിയ പേരുകളായിരുന്നു ഉപയോഗിച്ചിരുന്നത്. ആ ഒരു പരിചയത്തിന്റെ കൂടി പിൻബലത്തിലാകാം 1653-ൽ തോമാ അർക്കദിയാക്കോൻ മെത്രാൻ സ്ഥാനം ഏറ്റപ്പോൾ മാർത്തോമാ എന്ന പേര് സ്വികരിച്ചത്. 1770-ൽ മാർത്തോമാ ആറാമനു വീണ്ടും പട്ടം കൊടുത്ത സന്ദർഭത്തിലാണ് മാർ ദീവന്നാസിയോസ് എന്ന ഗ്രീക്ക് പേര് മലങ്കര പരിചയപ്പെടുന്നത്. എങ്കിലും മാർത്തോമാ ഏഴാമൻ മുതൽ ഒമ്പതാമൻ വരെയുള്ളവർ പഴയ രീതി തന്നെ തുടർന്നു. തൊഴിയൂർ മെത്രാൻമാർ വാഴിക്കപ്പെട്ടതും അവർ മുഖേന പുലിക്കോട്ടിൽ ഇട്ടൂപ്പ് റമ്പാൻ മാർ ദീവന്നാസിയോസ് എന്ന പേര് സ്വീകരിച്ചതും തുടർന്നുള്ളവർ ആ പതിവ് സ്വീകരിക്കുകയും ചെയ്തതോടെ ഗ്രീക്ക് പേരുകൾ സ്വീകരിക്കുന്ന പതിവ് നിലവിൽ വന്നു. 1875-ൽ മലങ്കരയിലെത്തിയ പത്രോസ് തൃതിയൻ പാത്രിയർക്കീസ് ഏഴ് പേർക്ക് മെത്രാൻ സ്ഥാനം നൽകിയതോടെ കൂടുതൽ പേരുകൾ മലങ്കരയ്ക്ക് പരിചയമായി. പഴഞ്ഞി പള്ളിയിൽ വച്ച് 2022 ജൂലൈ 28-നു മെത്രാപ്പോലീത്താമാരായി വാഴിക്കപ്പെട്ട ഏഴ് പേരുകൾ നേരത്തെ ആർക്കെല്ലാം നൽകിയിരുന്നു എന്നുള്ള ലഘുചരിത്രമാണ് ഈ ലേഖനം.

മലങ്കരസഭയിൽ സ്തേഫാനോസ് എന്ന എപ്പിസ്കോപ്പൽ നാമം സ്വീകരിക്കുന്ന ആദ്യത്തെ മേൽപ്പട്ടക്കാരനാണ് ഏബ്രഹാം മാർ സ്തേഫാനോസ്. നടപടികളുടെ പുസ്തകം ആറാം അധ്യായത്തിൽ ഏഴ് ശെമ്മാശൻമാരിൽ ഒന്നാമനായി പേര് പറയപ്പെട്ടിരിക്കുന്ന മാർ സ്തേഫാനോസ് ഏഴ് മേൽപ്പട്ടക്കാരിൽ ആദ്യത്തെ പേരായി വിളിക്കപ്പെട്ടിരിക്കുന്നു.

മാർ ഈവാനിയോസ് എന്ന പേരിൽ മെത്രാപ്പോലീത്ത സ്ഥാനം പ്രാപിച്ച തോമസ് മാർ ഈവാനിയോസ് പിതാവ് ആ പേര് സ്വീകരിച്ച ആറാമത്തെ മേൽപ്പട്ടക്കാരനാണ്. ഒന്നാം കാതോലിക്കാ ആയിരുന്ന ബസേലിയോസ് പൗലോസ് പ്രഥമനാണ് ഈ പേര് ആദ്യമായി സ്വീകരിച്ചത്. പത്രോസ് തൃതിയൻ പാത്രിയർക്കീസ് 1877 മെയ് 17-നു ചിറളയം പള്ളിയിൽ വച്ച് അദ്ദേഹത്തെ മേൽപ്പട്ടക്കാരനായി വാഴിച്ചു. കണ്ടനാട് മെത്രാസനത്തിന്റെ അധിപനായിരുന്ന അദ്ദേഹത്തെ പരിശുദ്ധ സഭ 1912 സെപ്റ്റംബർ 15-നു കാതോലിക്ക സ്ഥാനത്തേക്ക് ഉയർത്തി. 1913 മെയ് 3-നു കാലം ചെയ്തു; പാമ്പാക്കുട ചെറിയ പള്ളിയിൽ കബറടങ്ങി. യുയാക്കീം മാർ ഈവാനിയോസായിരുന്നു രണ്ടാമതായി ഈ പേര് സ്വീകരിച്ചത്. ബസേലിയോസ് പൗലോസ് പ്രഥമൻ ബാവായും അബ്ദേദ് മശിഹാ പാത്രിയർക്കീസും ചേർന്ന് ചെങ്ങന്നൂർ പഴയ സുറിയാനി പള്ളിയിൽ വച്ച് 1913 ഫെബ്രുവരി 9-നു യുയാക്കീം മാർ ഈവാനിയോസിനെ മേൽപ്പട്ടക്കാരനായി വാഴിച്ചു. അദ്ദേഹം 1925 ജൂൺ 6-നു കാലം ചെയ്തു. പരുമല സെമിനാരിയിൽ കബറടങ്ങി. മൂന്നാമത്തെ ഈവാനിയോസായി ബഥനിയുടെ ഗീവറുഗീസ് മാർ ഈവാനിയോസിനെ 1925 മെയ് 1-നു ബസേലിയോസ് ഗീവറുഗീസ് പ്രഥമൻ ബാവാ വാഴിച്ചു. റീത്ത് സഭാ സ്ഥാപിച്ച് അദ്ദേഹം സഭ വിട്ടു പോയി. മാത്യൂസ് മാർ ഈവാനിയോസിനെ പ. ഗീവറുഗീസ് ദ്വിതിയൻ ബാവാ 1953 മെയ് 15-നു കോട്ടയം ഏലിയാ ചാപ്പലിൽ വച്ച് എപ്പിസ്കോപ്പായായി പട്ടം കെട്ടി. 1959 ജൂലൈ 12-നു മെത്രാപ്പോലീത്താ സ്ഥാനത്തേക്ക് അദ്ദേഹം ഉയർത്തപ്പെട്ടു. കോട്ടയം ഇടവകയുടെ മെത്രാപ്പോലീത്തായായിരുന്ന പിതാവ് 1980 ഓഗസ്റ്റ് 31-നു കാലം ചെയ്തു. പാമ്പാടി മാർ കുറിയാക്കോസ് ദയറായിൽ കബറടങ്ങി. കോട്ടയത്തിന്റെ തന്നെ മെത്രാപ്പോലീത്തായായിരുന്ന ഗീവറുഗീസ് മാർ ഈവാനിയോസാണ് ഈവാനിയോസ് എന്ന നാമം സ്വീകരിച്ച അഞ്ചാമത്തെ പിതാവ്. പ. ബസേലിയോസ്



മാത്യുസ് പ്രഥമൻ ബാവാ 1985 മെയ് 15-നു മാവേലിക്കര പുതിയകാവ് പള്ളിയിൽ വച്ച് അദ്ദേഹത്തെ എപ്പിസ്കോപ്പായായി വാഴിച്ചു. 1991 ഒക്ടോബർ 25-നു അദ്ദേഹം മെത്രാപ്പോലീത്താ സ്ഥാനത്തേക്ക് ഉയർത്തപ്പെട്ടു. 2013 ഏപ്രിൽ 12-നു കാലം ചെയ്ത് ഞാലിയാകുഴി മാർ ബസേലിയോസ് ദയറായിൽ കബറടങ്ങി.

യാക്കോബ് മാർ തെയോഫിലോസ്, ഫിലിപ്പോസ് മാർ തെയോഫിലോസ്, സഖറിയാസ് മാർ തെയോഫിലോസ് എന്നിവർക്ക് ശേഷം ദൈവസ്നേഹിതൻ എന്നർഥമുള്ള തെയോഫിലോസ് എന്ന നാമം സ്വീകരിക്കുന്ന നാലാമത്തെ പിതാവാണ് ഗീവറുഗീസ് മാർ തെയോഫിലോസ്. പ.ബസേലിയോസ് ഗീവറുഗീസ് ദ്വിതിയൻ ബാവാ യാക്കോബ് മാർ തെയോഫിലോസിനെ 1929 ഫെബ്രുവരി 16-നു മേൽപ്പട്ടസ്ഥാനത്തേക്ക് ഉയർത്തി. എന്നാൽ പിന്നീട് ബഥനിയുടെ മാർ ഈവാനിയോസ് റീത്ത് സഭ ഉണ്ടാക്കിയപ്പോൾ ഇദ്ദേഹവും മാർ ഈവാനിയോസിനെ പിൻപറ്റി സഭ വിട്ടു പോയി. ബോംബെ മെത്രാസനാധിപനായിരുന്ന ഫിലിപ്പോസ് മാർ തെയോഫിലോസ് 1966 ഓഗസ്റ്റ് 24-നു കോലഞ്ചേരി പള്ളിയിൽ വച്ച് പ. ബസേലിയോസ് ഔഗേൻ പ്രഥമൻ ബാവായിൽ നിന്ന് മെത്രാപ്പോലീത്താ സ്ഥാനം പ്രാപിച്ചു. 1997 സെപ്തംബർ 28-നു കാലം ചെയ്തു. ആലുവാ തൃക്കുന്നത്ത് സെമിനാരിയിൽ കബറടങ്ങി. 2005 മാർച്ച് 5-ാം തീയതി പരുമല സെമിനാരിയിൽ വച്ചാണ് സഖറിയാസ് മാർ തെയോഫിലോസ് പ. ബസേലിയോസ് മാർത്തോമാ മാത്യൂസ് ദ്വിതിയൻ ബാവായിൽ നിന്ന് എപ്പിസ്കോപ്പാ സ്ഥാനം പ്രാപിച്ചത്. 2006 ഫെബ്രുവരി 23 -നു മെത്രാപ്പോലീത്താ സ്ഥാനത്തേക്ക് അദ്ദേഹം ഉയർത്തപ്പെട്ടു. മലബാർ മെത്രാസനാധിപനായിരുന്ന അദ്ദേഹം 2017 ഒക്ടോബർ 24-നു കാലം ചെയ്ത് കോയമ്പത്തൂർ തടാകം ആശ്രമത്തിൽ കബറടങ്ങിയിരിക്കുന്നു.

ഗീവറുഗീസ് മാർ പീലക്സിനോസ്, തൊഴിയൂർ സഭയിലെ പിതാക്കൻമാരായ സ്കറിയാ മാർ പീലക്സിനോസ്, ഇടക്കാലത്ത് മലങ്കര മെത്രാപ്പോലീത്താ സ്ഥാനം വഹിച്ച കിടങ്ങൻ ഗീവറുഗീസ് മാർ പീലക്സിനോസ് എന്നിവരെ ഒഴിവാക്കിയാൽ മാർ പീലക്സിനോസ് എന്ന പേരിൽ മലങ്കരസഭയിൽ മേൽപ്പട്ട സ്ഥാനം സ്വീകരിച്ച അഞ്ചാമത്തെ പിതാവാണ്. തൊഴിയൂരിലെ മേൽപ്പറഞ്ഞ പിതാക്കൻമാരെ പട്ടികയിൽ നിന്ന് മാറ്റിയാൽ രണ്ടാം കാതോലിക്കാ പ. ബസേലിയോസ് ഗീവറുഗീസ് പ്രഥമനാണ് മാർ പീലക്സിനോസ് എന്ന പേര് ആദ്യമായി സ്വീകരിച്ചത്. ബസേലിയോസ് പൗലോസ് പ്രഥമൻ ബാവായും അബ്ദേദ് മശിഹാ പാത്രിയർക്കീസും ചേർന്ന് 1913 ഫെബ്രുവരി 9-നു ഗീവറുഗീസ് മാർ പീലക്സിനോസ് എന്ന പേരിൽ അദ്ദേഹത്തെ യുയാക്കീം മാർ ഈവാനിയോസിനൊപ്പം ചെങ്ങന്നൂർ പഴയ സുറിയാനി പള്ളിയിൽ വച്ച് മേൽപ്പട്ടക്കാരനായി വാഴിച്ചു. പരിശുദ്ധ സഭ അദ്ദേഹത്തെ 1925 ഏപ്രിൽ 30-നു പൗരസ്ത്യ കാതോലിക്കാ സ്ഥാനത്തേക്ക് ഉയർത്തി. 1928 ഡിസംബർ 17-നു അദ്ദേഹം കാലം ചെയ്തു. വാകത്താനം വള്ളിക്കാട്ട് ദയറായിൽ കബറടക്കി. പുത്തൻകാവിൽ കൊച്ചുതിരുമേനി എന്ന അപരാഭിധാനത്തിൽ അറിയപ്പെട്ട തുമ്പമൺ മെത്രാസനാധിപനായിരുന്ന ഗീവറുഗീസ് മാർ പീലക്സിനോസായിരുന്നു അടുത്തതായി ഈ പേര് സ്വീകരിച്ചത്. അദ്ദേഹത്തെ പ. ബസേലിയോസ് ഗീവറുഗീസ് ദ്വിതീയൻ ബാവാ 1930 നവംബർ 3-നു മേൽപ്പട്ടക്കാരനായി പട്ടംകെട്ടി. 1934 ജൂൺ 1-നു മെത്രാപ്പോലീത്താ സ്ഥാനത്തേക്ക് ഉയർത്തപ്പെട്ടു. 1951 ഏപ്രിൽ 17-നു കാലം ചെയ്തു. പുത്തൻകാവ് പള്ളിയിൽ കബറടക്കി. തുമ്പമൺ മെത്രാസനത്തിന്റെ അധിപനായിരുന്ന ദാനിയേൽ മാർ പീലക്സിനോസ് പിതാവാണ് മാർ പീലക്സിനോസ് എന്ന നാമം അടുത്തതായി സ്വീകരിച്ചത്. അദ്ദേഹത്തെ പ. ഗീവറുഗീസ് ദ്വിതിയൻ ബാവാ കോട്ടയം മാർ ഏലിയാ ചാപ്പലിൽ വച്ച് 1953 മെയ് 15-നു എപ്പിസ്കോപ്പായായി പട്ടം കെട്ടി. 1959 ജൂലൈ 12-നു മെത്രാപ്പോലീത്താ സ്ഥാനത്തേക്ക് അദ്ദേഹം ഉയർത്തപ്പെട്ടു. 1990 ഡിസംബർ 13-നു കാലം ചെയ്തു. പത്തനംതിട്ട ബേസിൽ ദയറായിൽ കബറടങ്ങിയിരിക്കുന്നു. അടുത്തതായി മാർ പീലക്സിനോസ് എന്ന നാമം സ്വീകരിച്ചത് ഡൽഹി മെത്രാസനാധിപനായിരുന്ന ഇയ്യോബ് മാർ പീലക്സിനോസായിരുന്നു. പ. ബസേലിയോസ് മാർത്തോമാ മാത്യൂസ് ദ്വിതിയൻ ബാവാ അദ്ദേഹത്തെ 1991 ഏപ്രിൽ 30-നു പരുമല സെമിനാരിയിൽ വച്ച് എപ്പിസ്കോപ്പായായി വാഴിച്ചു. 2002 ഓഗസ്റ്റ് 27-നു മെത്രാപ്പോലീത്താ സ്ഥാനത്തേക്ക് ഉയർത്തി. 2011 നവംബർ 20-നു അദ്ദേഹം കാലം ചെയ്തു. പത്തനാപുരം മൗണ്ട് താബോർ ദയറാ ചാപ്പലിൽ കബറടക്കി.

ഗീവറുഗീസ് മാർ പക്കോമിയോസ്, പക്കോമിയോസ് എന്ന നാമം സ്വീകരിച്ച മൂന്നാമത്തെ മേൽപ്പട്ടക്കാരനാണ്. കണ്ടനാട് ഇടവകയുടെ മെത്രാപ്പോലീത്താ ആയിരുന്ന ജോസഫ് മാർ പക്കോമിയോസ്, മാവേലിക്കരയുടെ മെത്രാപ്പോലീത്താ ആയിരുന്ന പൗലോസ് മാർ പക്കോമിയോസ് എന്നിവരായിരുന്നു മുൻഗാമികൾ. പ. ബസേലിയോസ് ഔഗേൻ പ്രഥമൻ ബാവായാൽ ജോസഫ് മാർ പക്കോമിയോസ് 1975 ഫെബ്രുവര 16-നു നിരണം പള്ളിയിൽ വച്ച് മെത്രാപ്പോലീത്ത സ്ഥാനത്തേക്ക് ഉയർത്തപ്പെട്ടു. 1991 ഓഗസ്റ്റ് 18-ന കാലം ചെയ്തു. മുളക്കുളം കർമ്മേൽകുന പള്ളിയിൽ കബറടക്കി. പൗലോസ് മാർ പക്കോ യോസ് തിരുമേനി 1993 ഓഗസ്റ്റ് 16-നു പരുമ സെമിനാരിയിൽ വച്ച് എപ്പിസ്കോപ്പാ സ്ഥാനവ 2002 ഓഗസ്റ്റ് 22-നു മെത്രാപ്പോലീത്താ സ്ഥാനവ പ. ബസേലിയോസ് മാർത്തോമാ മാത്യൂസ് ദ്വിതിയ ബാവായിൽ നിന്ന് പ്രാപിച്ചു. 2012 ഓഗസ്റ്റ് 1-നു കാ ചെയ്തു. റാന്നി പെരിനാട് ആശ്രമത്തിൽ കബറട



മാർ ബർന്നബാസ് എന്ന പേരി മെത്രാപ്പോലീത്താ സ്ഥാനം പ്രാപിച്ച ഗീവറുഗീസ് മാർ ബർന്നബാസ് ആ എപ്പിസ്കോപ്പൽ നാമം സ്വീകരിച്ച രണ്ടാമത്തെ പിതാവാണ്. അമേരിക്കൻ മെത്രാസനാധിപനായിരുന്ന മാത്യൂസ് മാർ ബർന്നബാസാണ് ആ പേരിൽ സ്ഥാനമേറ്റ ആദ്യ പിതാവ്. പ. ബസേലിയോസ് മാർത്തോമാ മാത്യൂസ് പ്രഥമൻ ബാവായിൽ നിന്ന് പഴഞ്ഞി പള്ളിയിൽ വച്ച് അദ്ദേഹം 1978 മെയ് 15-ാം തീയതി എപ്പിസ്കോപ്പാ സ്ഥാനവും 1981 ഫെബ്രുവരി 28-നു മെത്രാപ്പോലീത്താ സ്ഥാനവും സ്വീകരിച്ചു. 2012 ഡിസംബർ 12-നു കാലം ചെയ്ത് വളയൻചിറങ്ങര പള്ളിയിൽ കബറടങ്ങിയിരിക്കുന്നു.

മാർ സേവേറിയോസ് എന്ന പേരിൽ മെത്രാപ്പോലീത്താ സ്ഥാനം പ്രാപിച്ച സഖറിയ മാർ സേവേറിയോസ്, 1958-ലെ സഭായോജിപ്പിന്റെ പശ്ചാത്തലത്തിൽ പഴയ പാത്രിയർക്കീസ് കക്ഷിയിലെ (1958-നു മുമ്പുള്ള) ഇടവഴിക്കൽ മാർ സേവേറിയോസിനെ കൂടി ഉൾപ്പെടുത്തിയാൽ ആ പേരിൽ സ്ഥാനം പ്രാപിച്ച ആറാമത്തെ മെത്രാപ്പോലീത്തായാണ്. ഇടവഴിക്കൽ ഗീവറുഗീസ് മാർ സേവേറിയോസ് 1910 ഓഗസ്റ്റ് 28-നു അബ്ദുള്ള പാത്രിയർക്കീസിൽ നിന്ന് മെത്രാൻ സ്ഥാനം സ്വീകരിച്ചു. 1927 ജൂൺ 11-നു കാലം ചെയ്തു. പിന്നീട് റീത്ത് സഭയിൽ ചേർന്ന ജോസഫ് മാർ സേവേറിയോസാണ് അടുത്തതായി ആ പേര് സ്വീകരിച്ചത്. പ. ഗീവറുഗീസ് ദ്വിതിയൻ ബാവാ അദ്ദേഹത്തെ 1933 മെയ് 25-നു തിരുവല്ല ബഥനി പള്ളിയിയൽ വച്ച് എപ്പിസ്കോപ്പായായി വാഴിച്ചു. 1934 ജൂൺ 1-നു മെത്രാപ്പോലീത്തായുമായി. മൂന്നാമത് മാർ സേവേറിയോസ് എന്ന പേര് സ്വീകരിച്ചത് കൊച്ചി മെത്രാസനാധിപനായിരുന്ന പൗലോസ് മാർ സേവേറിയോസായിരുന്നു. അദ്ദേഹത്തെ 1946 ഓഗസ്റ്റ് നാലിനു ഇഗ്നാത്തിയോസ് അപ്രേം പ്രഥമൻ പാത്രിയർക്കീസ് മെത്രാപ്പോലീത്തായായി വാഴിച്ചു. 1958-ലെ സഭാ യോജിപ്പോടെ യോജിച്ച സഭയുടെ ഭാഗമായി. 1962 മാർച്ച് 17-ന് കാലം ചെയ്തു. ആർത്താറ്റ് സെന്റ്. മേരീസ് പുത്തൻപള്ളിയിൽ കബറടങ്ങിയിരിക്കുന്നു. അടുത്തതായി മാർ സേവേറിയോസ് എന്ന പേരോടുകൂടെ വാഴിക്കപ്പെട്ടത് യൂഹാനോൻ മാർ സേവേറിയോസായിരുന്നു. ഈ പിതാവ് 1966 ഓഗസ്റ്റ് 24-നു കോലഞ്ചേരി പള്ളിയിൽ വച്ച് പ. ബസേലിയോസ് ഔഗേൻ പ്രഥമൻ ബാവായാൽ മെത്രാപ്പോലീത്താ സ്ഥാനത്തേക്ക് ഉയർത്തപ്പെട്ടു. ഇദ്ദേഹം 1990 മെയ് 16-നു കാലം ചെയ്തു. കൊരട്ടി സീയോൻ സെമിനാരിയിൽ കബറടങ്ങിയിരിക്കുന്നു. അടുത്തതായി ഈ പേര് സ്വീകരിച്ച പിതാവ് ഇപ്പോഴത്തെ പരിശുദ്ധ കാതോലിക്കാ ബാവാ ആയിരുന്നു - മാത്യൂസ് മാർ സേവേറിയോസ്. 1991 ഏപ്രിൽ 30-നു പരുമല സെമിനാരിയിൽ വച്ച് പ. ബസേലിയോസ് മാർത്തോമാ മാത്യൂസ് ദ്വിതിയൻ ബാവാ അദ്ദേഹത്തെ എപ്പിസ്കോപ്പായായി വാഴിച്ചു. 1993 സെപ്റ്റംബർ 22-നു മെത്രാപ്പോലീത്താ സ്ഥാനത്തേക്ക് ഉയർത്തി. കണ്ടനാട് വെസ്റ്റ് മെത്രാസനത്തിന്റെ ചുമതല വഹിക്കവേ പ. ബസേലിയോസ് മാർത്തോമാ പൗലോസ് ദ്വിതീയൻ ബാവാ കാലം ചെയ്തതിനെത്തുടർന്ന് മലങ്കര അസോസിയേഷൻ അദ്ദേഹത്തെ കാതോലിക്കായുടെയും മലങ്കര മെത്രാപ്പോലീത്തായുടെയും സ്ഥാനത്തേക്ക് തെരഞ്ഞെടുത്തു. പരുമല സെമിനാരിയിൽ വച്ച് 2021 ഒക്ടോബർ 15-നു ബസേലിയോസ് മാർത്തോമാ മാത്യൂസ് തൃതിയൻ എന്ന പേരിൽ അദ്ദേഹം കാതോലിക്കാ സ്ഥാനം സ്വീകരിക്കുകയും ചെയ്തു.

ഈ ലിസ്റ്റിൽ പൗലോസ് മാർ പീലക്സിനോസ് (പിന്നീട് യാക്കോബായ വിഭാഗം ശ്രേഷ്ഠ കാതോലിക്ക), ഏബ്രഹാം മാർ സേവേറിയോസ് എന്നിവരെ കണക്കിലെടുത്തിട്ടില്ല. 1958-നു മുമ്പ് ഇരുവിഭാഗത്തിലും വാഴിക്കപ്പെട്ടിട്ട് സഭാ സമാധാനത്തിനു മുമ്പ് കാലം ചെയ്തവർ, ഓർത്തഡോക്സ് സഭയിൽ സ്ഥാനം പ്രാപിച്ചു എങ്കിലും സഭാഭ്യംശം സംഭവിച്ചവർ, ഒരിക്കൽ യോജിച്ചശേഷം വീണ്ടും ഭിന്നിച്ച് പോകാത്തവർ എന്നിവരെയാണ് കണക്കിലെടുത്തിരിക്കുന്നത്.

ഒരു കീഴ്‌വഴക്കപ്രകാരം ഒരു കാതോലിക്കായോ പാത്രിയർക്കീസോ സ്ഥാനമേറ്റെടുത്ത ശേഷം നടത്തുന്ന ആദ്യ മേൽപ്പട്ടവാഴ്ചയിൽ തങ്ങളുടെ എപ്പിസ്കോപ്പൽ നാമം പുതിയതായി സ്ഥാനമേൽക്കുന്നവരിൽ ഒരാൾക്ക് നൽകാറുണ്ട്. ഇവിടെയും അത് പാലിക്കപ്പെട്ടു. ഒന്നാം കാതോലിക്കാ ബസേലിയോസ് പൗലോസ് പ്രഥമൻ സ്ഥാനമേറ്റ ശേഷം ആദ്യം (ഏക) നടത്തിയ മേൽപ്പട്ട സ്ഥാനാഭിഷേകത്തിൽ തന്റെ എപ്പിസ്കോപ്പൽ നാമമായിരുന്ന മാർ ഈവാനിയോസ് നൽകി യുയാക്കിം മാർ ഈവാനിയോസിനെ വാഴിച്ചു. മൂന്നാം കാതോലിക്കാ ബസേലിയോസ് ഗീവറുഗീസ് ദ്വിതിയൻ ബാവ തന്റെ സ്ഥാനാരോഹണത്തിനു ശേഷം നടത്തിയ ആദ്യ വാഴ്ചയിൽ തന്റെ എപ്പിസ്കോപ്പൽ നാമമായിരുന്ന ഗ്രീഗോറിയോസ് നൽകി കുറിയാക്കോസ് മാർ ഗ്രീഗോറിയോസിനെ വാഴിച്ചു. നാലാം കാതോലിക്കാ ബസേലിയോസ് ഔഗേൻ പ്രഥമൻ തന്റെ സ്ഥാനാരോഹണത്തിനു ശേഷം നടത്തിയ ആദ്യ വാഴ്ചയിൽ തന്റെ എപ്പിസ്കോപ്പൽ നാമമായിരുന്ന തീമോത്തിയോസ് നൽകി തോമസ് മാർ തീമോത്തിയോസിനെ (പിന്നീട് ദിദിമോസ് പ്രഥമൻ ബാവാ) വാഴിച്ചു. ബസേലിയോസ് മാർത്തോമാ മാത്യൂസ് പ്രഥമൻ ബാവാ തന്റെ സ്ഥാനാരോഹണത്തിനു ശേഷം നടത്തിയ ആദ്യ വാഴ്ചയിൽ തന്റെ എപ്പിസ്കോപ്പൽ നാമമായിരുന്ന അത്താനാസിയോസ് നൽകി യൂഹാനോൻ മാർ അത്താനാസിയോസിനെ വാഴിച്ചു. ബസേലിയോസ് മാർത്തോമ മാത്യൂസ് ദ്വിതിയൻ ബാവാ തന്റെ സ്ഥാനാരോഹണത്തിനു ശേഷം നടത്തിയ ആദ്യ വാഴ്ചയിൽ തന്റെ എപ്പിസ്കോപ്പൽ നാമമായിരുന്ന കൂറിലോസ് നൽകി ഗീവറുഗീസ് മാർ കൂറിലോസിനെ വാഴിച്ചു. ബസേലിയോസ് മാർത്തോമാ ദിദിമോസ് പ്രഥമൻ ബാവാ തന്റെ സ്ഥാനാരോഹണത്തിനു ശേഷം നടത്തിയ ആദ്യ വാഴ്ചയിൽ തന്റെ എപ്പിസ്കോപ്പൽ നാമമായിരുന്ന തീമോത്തിയോസ് നൽകി മാത്യൂസ് മാർ തീമോത്തിയോസിനെ വാഴിച്ചു. ബസേലിയോസ് മാർത്തോമാ മാത്യൂസ് തൃതീയൻ ബാവാ തന്റെ സ്ഥാനനാമമായിരുന്ന സേവേറിയോസ് നൽകി സഖറിയ മാർ സേവേറിയോസിനെ വാഴിച്ചു പാരമ്പര്യം പിന്തുടർന്നു. മേൽപ്പട്ടക്കാരെ വാഴിച്ച കാതോലിക്കാമാരിൽ രണ്ടാം കാതോലിക്കാ ബസേലിയോസ് ഗീവറുഗീസ് പ്രഥമൻ ബാവാ ഇത് പിന്തുടർന്നില്ല. അദ്ദേഹം നടത്തിയ മേൽപ്പട്ടവാഴ്ചയിൽ തന്റെ എപ്പിസ്കോപ്പൽ നാമമായിരുന്ന പീലക്സിനോസ് നൽകിയില്ല. പകരം ഈവാനിയോസ് നൽകി ഗീവറുഗീസ് മാർ ഈവാനിയോസിനെ വാഴിച്ചു. ❑

വചനതീർത്ഥം

തിരുവചനത്തിൻ വിത്തുകളാത്മാവിൽ വളരണമെ

പെന്തിക്കോസ്തിക്ക് ശേഷം എട്ടാം ഞായറാഴ്ച (വി. മർക്കോസ് 4:1-20)

ഫാ. കെ. കെ. വർഗീസ്



വി.മർക്കോസിന്റെ സുവിശേഷത്തിൽ യേശു ദൈവരാജ്യം സ്വർഗത്തിലെന്ന പോലെ ഭൂമിയിലേക്ക് കൊണ്ടുവരുന്നത് നാം കാണുന്നു. മുടന്തൻ നടക്കുന്നു, രോഗികൾ സുഖം പ്രാപിക്കുന്നു, കുരുടൻ കാണുന്നു, ചുങ്കക്കാരനും പാപിയും ഒക്കെ നീതിമാൻമാർ ആകുന്നു. ഏദൻതോട്ടത്തിലേക്കുള്ള വഴി നീളുന്ന വാഗ്ദത്തം നിറവേറുകയാണ്. യേശു പാപത്തിന്റെ ഫലങ്ങൾ ഇല്ലാതാക്കുകയും എല്ലാറ്റിനെയും പുതിയതാക്കുകയും ചെയ്യുന്നു.

ഈ പുതുമയുടെ/പുതിയത് ആക്കലിന്റെ ഒരു ഭാഗം അദ്ദേഹത്തിന്റെ പഠിപ്പിക്കലിലൂടെയാണ് വരുന്നത്. 4-ാം അധ്യായത്തിൽ, ഉപമകൾ എന്ന് വിളിക്കപ്പെടുന്ന പഠിപ്പിക്കലിന്റെ ഒരു ഭാഗം ഇപ്രകാരമാണ് ആരംഭിക്കുന്നത്.

നാം ദൈവത്തെ എങ്ങനെ ശ്രദ്ധിക്കുന്നു എന്നത് വളരെ പ്രധാനമാണ് എന്ന് ഈ ഉപമയിലൂടെ വെളിവാക്കപ്പെടുന്നു.

ദൈവജനത്തിന് ഇതൊരു പുതിയ യാഥാർത്ഥ്യമല്ല. ദൈവത്തിൻറെ വാക്ക് കേൾക്കുക എന്ന കൽപ്പനയോടെആദമിനെയും ഹവ്വായെയും അവൻ ഏദൻ തോട്ടത്തിൽ പാർപ്പിച്ചു. പഴയനിയമത്തിൽ, ദൈവജനത്തിന്റെ ദൈനംദിന പ്രാർത്ഥനകൾ ആരംഭിക്കുന്നത് ആവർത്തനപുസ്തകം 6-ലെ വാക്കുകളോടെയാണ്, 'ഇസ്രായേലേ, കേൾക്കൂ: നമ്മുടെ ദൈവമായ യഹോവ, കർത്താവ് ഏകനാണ്.'

40 വർഷം ഇസ്രായേൽ മരുഭൂമിയിൽ അലഞ്ഞു തിരിയുന്നത് അവരുടെ ചെവി കേൾക്കാത്തതിനാൽ/ദൈവത്തിൻറെ വാക്ക് കേൾക്കാത്തതിനാൽ ആയിരുന്നു.

അതിനാൽ, യേശു തന്റെ പഠിപ്പിക്കൽ 3-ാം വാക്യത്തിൽ ആരംഭിക്കുന്നത് കേൾക്കാനുള്ള കൽപ്പനയോടെയാണ് നമ്മുടെ ശ്രദ്ധ ഇവിടെ നിർബന്ധമാണ്.

നമ്മൾ ശ്രദ്ധിക്കുമോ? അവൻറെ വാക്കുകൾക്ക് ഉത്തരം കണ്ടെത്താൻ, ഈ ഉപമയെ രണ്ട് പ്രധാന ഭാഗങ്ങളായി തിരിക്കാം. ആദ്യം, വിത്ത് വിതയ്ക്കുന്ന വിതക്കാരനെ നാം പരിഗണിക്കണം. രണ്ടാമതായി, മണ്ണിന്റെ തരങ്ങൾ നാം മനസ്സിലാക്കണം.

വിതക്കാരൻ വിത്ത് വിതയ്ക്കുന്നു

ഒരു വിതക്കാരൻ വിതയ്ക്കാൻ പുറപ്പെട്ടു. വിതക്കാരൻ ദൈവവചനം വിതയ്ക്കുന്നു എന്ന് 14-ാം വാക്യത്തിൽ യേശു പറയുന്നു. ആരാണ് വിതക്കാരൻ? ദൈവവചനം വിതയ്ക്കുന്ന ഏതൊരാളും വിതക്കാരൻ ആണ്. വി. കുർബാന മധ്യേ വചനം പറയുന്ന ഒരു പുരോഹിതൻ, സൺഡേ സ്കൂൾ ക്ലാസ്സിൽ കുഞ്ഞുങ്ങളോട് കഥ പറയുന്ന ടീച്ചർ.......

നീയും ഞാനും ആണ് വിതക്കാരൻ. ദൈവത്തിന്റെ വചനം പങ്കുവെക്കുകയും പ്രചരിപ്പിക്കുകയും ചെയ്യുന്ന ഏതൊരാളും വിതക്കാരനാണ്. എന്നാൽ ഏറ്റവും അടിസ്ഥാനപരമായ തലത്തിൽ, യേശുവാണ് വിതക്കാരൻ.

അപ്പോസ്തലനായ യോഹന്നാന്റെ ഭാഷയിൽ, 'വചന'മായ ദൈവം തന്നെ തന്നെ നമുക്കു വെളിപ്പെടുത്തി (വി.യോഹന്നാൻ 1:1). അവൻ വചനത്തിന്റെ വിത്ത് വിതറുകയും മാനസാന്തരപ്പെടാനും വിശ്വസിക്കാനും എല്ലാവരേയും വിളിക്കുകയും ചെയ്തു. കാരണം ദൈവരാജ്യം സമീപിച്ചിരിക്കുന്നു.

ക്രിസ്തുവിന്റെ ഉപമകൾ നമ്മെ സ്വയം മനസ്സിലാക്കാൻ സഹായിക്കുന്നു. ചിലർക്ക് യേശുവിൽ/അവൻറെ വചനത്തിൽ ശരിക്കും താൽപ്പര്യമുണ്ട്, ചിലർ അങ്ങനെനടിക്കുന്നു, ചിലർക്ക് തീരെ താൽപ്പര്യമില്ല.

നമ്മൾ എങ്ങനെയുള്ള വ്യക്തിയാണെന്ന് നമ്മൾക്ക് എങ്ങനെ അറിയാം? അതിന്റെ ഉത്തരം, വേദ ഭാഗത്ത് പരാമർശിക്കുന്ന വ്യത്യസ്ത തരം പ്രതലത്തിൽ /മണ്ണിലാണ്.

ഈ ഉപമ കേവലം വിത്തു വിതയ്ക്കുന്ന ഒരു വിതക്കാരന്റെ കഥ മാത്രമല്ല. നമ്മോടെല്ലാം ദൈവത്തിൽ നിന്നുള്ള ചോദ്യം കൂടിയാണിത്. വിതക്കാരൻ തന്റെ വിത്ത് വിതയ്ക്കുമ്പോൾ, ആ വിത്ത് എങ്ങനെ/എന്ത് ആയിത്തീരും? നമ്മുടെ ഹൃദയം ഏതുതരം മണ്ണിനാലാണ് നിർമ്മിച്ചിരിക്കുന്നത്?

ഇവിടെ യേശുതമ്പുരാൻ നാല് തരം മണ്ണ് അവതരിപ്പിക്കുന്നു, എന്നാൽ ആത്യന്തികമായി രണ്ട് തരം മാത്രമേ ഉള്ളൂ. അവിശ്വാസത്തിന്റെ മണ്ണും വിശ്വാസത്തിന്റെ മണ്ണും. ആദ്യത്തെ മൂന്നെണ്ണം മോശമാണ്.അവസാനത്തേത് നല്ലതാണ്.

15-20 വാക്യങ്ങളിടെ വിശദീകരണത്തിൽ നിന്ന് ഇവിടെ നാല് തരം ഉണ്ട്.

ഉണങ്ങി വരണ്ട മണ്ണ് (4:15), പാറപോലെ ഉറച്ചത് (16-17), തിരക്കും ഉത്കണ്ഠയും നിറഞ്ഞത് (1819), മൃദുവും തുറന്നതും (20).

1: ഉണങ്ങി വരണ്ട മണ്ണ് (4:15)

മർക്കൊസ് 4:15 വചനം വിതച്ചിട്ടു വഴിയരികെ വീണതു, കേട്ട ഉടനെ സാത്താൻ വന്നു ഹൃദയങ്ങളിൽ വിതെക്കപ്പെട്ട വചനം എടുത്തു കളയുന്നതാകുന്നു. വി. മർക്കോസിന്റെ സുവിശേഷത്തിൽ ഇത്തരമൊരു ഹൃദയത്തോടെ നാം ഇതുവരെ കണ്ടത് ആരെയാണ്?

പരീശന്മാർ. അവർ യേശുവിനെ തങ്ങളുടെ കർത്താവായി അംഗീകരിക്കുന്നില്ല. അവർ അവനെ ശത്രുവായി എതിർക്കുന്നു. യേശു എത്രയധികം സംസാരിക്കുന്നുവോ എത്രത്തോളം അവൻ സുഖപ്പെടുത്തുന്നുവോ, എത്രയധികം അവൻ പഠിപ്പിക്കുന്നുവോ അത്രയധികം അവരുടെ ഹൃദയം കഠിനമാകുന്നു.

ഇത് ഏറ്റവും ഭയാനകമായ ഹൃദയ/നിലമാണ്. അത് യേശുവിന് എതിരെ പൂർണ്ണമായും അടച്ചിരിക്കുന്നു. അതിന് കേൾക്കാൻ താൽപ്പര്യമില്ല, അതിനാൽ തന്നെ അവനെ കേൾക്കാനും കഴിയില്ല.

പൗലോസ് ശ്ലീഹ പറയുന്ന സ്വാഭാവിക മനുഷ്യൻ ഇതാണ്, അവർ പുറത്ത് എത്ര മതവിശ്വാസികളായി പ്രത്യക്ഷപ്പെട്ടാലും അവരുടെ ഹൃദയം സത്യം പറയുന്നു. ദൈവ വചനം എന്ന വിത്ത് എടുത്തുകളയാൻ സാത്താന് അനേക മാർഗങ്ങളുണ്ട്. ദൈവത്തിൽ നിന്ന് നമ്മെ വ്യതിചലിപ്പിക്കുന്നതിൽ അവൻ ശരിക്കും മിടുക്കനാണ്.

ആലോചിച്ചു നോക്കൂ. ഉറക്കം എപ്പോഴും പ്രാർത്ഥനയെക്കാൾ മികച്ചതായി തോന്നുന്നില്ലേ? സോഷ്യൽ മീഡിയയിലെ സംഭാഷണം പ്രാർത്ഥനയേക്കാൾ രസകരമല്ലേ? മാനസാന്തരത്തേക്കാൾ നല്ലത് സ്വയം ന്യായീകരിക്കുന്നതല്ലേ? രാത്രിയിൽ ദൈവവചനം ധ്യാനിക്കുന്നതിനേക്കാൾ നല്ലത് ചലച്ചിത്രങ്ങൾ അല്ലേ? ഫോൺ പരിശോധിക്കാനും പ്രോഗ്രാം ആസൂത്രണം ചെയ്യാനും സ്ഥാന മാനങ്ങൾ ഉറപ്പിക്കാനും, പ്രചരണം നടത്താനും ഒക്കെയുള്ള പ്രലോഭനം ഇപ്പോൾ നമ്മെ കീഴടക്കുന്നില്ലേ??

അത് എവിടെ നിന്നാണ് വരുന്നതെന്ന് അറിയുമോ?? അവൻ ആരെയെങ്കിലും വിഴുങ്ങാൻ അന്വേഷിക്കുന്നു! അവനെ അനുവദിക്കരുത്! ജാഗ്രത പാലിക്കുക!

ദൈവത്തിൽ നിന്ന് കേൾക്കാൻ ആഗ്രഹിക്കാത്ത വിധം ഹൃദയം കഠിനമാകുന്ന ഘട്ടത്തിൽ എത്തുന്നതിനു മുമ്പ് വചനം ഹൃദയ പൂർവ്വം കേൾക്കുക.

നമ്മൾക്ക് ഇപ്പോൾ ഒരു കാഠിന്യം അനുഭവപ്പെടുന്നുണ്ടെങ്കിൽ, ഒരുപക്ഷേ ഇന്ന് ഈ വചനം കേൾക്കാൻ കാരണം നമ്മുടെ കർത്താവിനു ആ കഠിനമായ നിലം ഒന്ന് പാകപ്പെടുത്തുവാൻ/ കല്ല് പൊടിക്കാൻ വേണ്ടിയാണെന്ന് ചിന്തിക്കുക. യേശുതമ്പുരാന്റെ തിരുവായിൽ നിന്നാണ് ഉപമകൾ വരുന്നത് എന്നതിനാൽ അവയ്ക്കു ചെവി തുറക്കാനുള്ള ശക്തിയുണ്ട്. 'ആകയാൽ വിശ്വാസം കേൾവിയാലും കേൾവി ക്രിസ്തുവിന്റെ വചനത്താലും വരുന്നു' (റോമർ 10:17).

2: പാറപോലെ ഉറച്ചത് (1617)

'അങ്ങനെ തന്നേ പാറസ്ഥലത്തു വിതെച്ചതു വചനം കേട്ട ഉടനെ സന്തോഷ

ത്തോടെ കൈക്കൊള്ളുന്നവർ; എങ്കിലും അവർ ഉള്ളിൽ വേരില്ലാതെ ക്ഷണിക ന്മാർ ആകുന്നു; വചനംനിമിത്തം ഉപദ്രവമോ പീഡയോ ഉണ്ടായാൽ ക്ഷണ ത്തിൽ ഇടറിപ്പോകുന്നു.' (വി. മർക്കൊസ് 4:16,17)

ഇവിടെ, യേശുവിനെ യഥാർത്ഥത്തിൽ രക്ഷകനായിട്ടല്ല, മറിച്ച് നാം ആഗ്ര ഹിക്കുന്ന ഒരു ആത്മീയ നേതാവായി പരിഗണിക്കുന്നതരത്തിലുള്ള ഹൃദയമാ ണിത്. ജീവിതത്തിൽ നുറുങ്ങു കഥകൾ നൽകുന്നതിനുള്ള ഒരു ഗുരുവായി, നമ്മുടെ ജീവിതത്തെ അനുഗ്രഹിക്കുന്നതിനുള്ള ആത്മീയ സഹയാത്രികനായി യേശുവിനെ പരിഗണിക്കുന്ന തരത്തിലുള്ള ഹൃദയമാണിത്.

ഒരിക്കലും നമ്മെ പ്രതിബദ്ധതയിലേക്ക് വിളിക്കാത്ത, നമ്മെത്തന്നെ ത്യജിച്ച്, നമ്മുടെ കുരിശ് എടുത്തു ഒരിക്കലും അവനെ അനുഗമിക്കാൻ ആവശ്യപ്പെടാത്ത, പോസിറ്റീവും പ്രോത്സാഹജനകവുമായ യേശുവായി മാത്രം നാം അവനെ പരിഗണിക്കുമ്പോൾ അതാണ് സംഭവിക്കുന്നത്.

നാം യേശുവിനെ കേവലം പ്രായോഗിക പദങ്ങളിൽ,നമ്മൾക്ക് തന്നെ പരിചയപ്പെടുത്തുമ്പോൾ ഒരു അപകടമുണ്ട്; അവൻ നമുക്കുവേണ്ടി/നമ്മുടെ ആഗ്രഹം പോലെ പ്രവർത്തിക്കാത്ത ഉടൻ തന്നെ, നാം മറ്റൊരാളെ തിരയും. ഈ ഹൃദയമാണ് യേശുവിനെ നല്ലവൻ എന്ന് കരുതുന്നതും, എന്നാല് അതെ സമയം തന്നെ അവനേ എല്ലായ്പോഴും അത്രമേൽ ആശ്രയിക്കാൻ തയ്യാറാവാ ത്തതും.

3: തിരക്കും ഉത്കണ്ഠയും നിറഞ്ഞത് (18–19)

'മുള്ളിന്നിടയിൽ വിതെക്കപ്പെട്ടതോ വചനം കേട്ടിട്ടു ഇഹലോകത്തിന്റെ ചിന്തകളും ധനത്തിന്റെ വഞ്ചനയും മറ്റുവിഷയ മോഹങ്ങളും അകത്തുകടന്നു, വചനത്തെ ഞെരുക്കി നഷ്ഫലമാക്കി തീർക്കുന്നതാകുന്നു.' (വി.മർക്കൊസ് 4:18,19).

ആദ്യത്തെ മൂന്ന് തരത്തിലുള്ള ഹൃദയങ്ങളിൽ,ഏതെങ്കിലും ഒന്നിനേ പറ്റി പ്രത്യേകം ഊന്നൽ നൽകണമെന്നുണ്ടെങ്കിൽ, എടുത്തുകാണിക്കുന്നതിന് ആഗ്രഹിക്കുന്നത് ഇതാണ്. നമ്മുടെ ജീവിത സന്ദർഭത്തിലും സംസ്കാരത്തിലും ഏറ്റവും കൂടുതൽ സാധ്യതയുള്ള മണ്ണാണ് ഇതെന്ന് കരുതുന്നു.

ഇത്തരത്തിലുള്ള ഹൃദയത്തിന്റെ പ്രത്യേകത, ഇത് വളരെ തിരക്കേറിയ താണ്. അതോടൊപ്പം, മറ്റനേകം കാര്യങ്ങൾക്ക് ഒരേ സമയം ഇത്തരം ഹൃദയ ത്തിൽ പ്രാധാന്യം നൽകപ്പെടുന്നു. അത് ദൈവീക കാര്യങ്ങൾക്കൊപ്പം സാമൂ ഹിക പദവിയും ആശ്വാസവും സുരക്ഷിതത്വവും വ്യക്തിപരമായ ആഗ്രഹ ങ്ങളും ഉയർത്തിപ്പിടിക്കുന്നു.

ഇത് ഉത്കണ്ഠയുള്ള ഹൃദയമാണ്. നമ്മുടെ നിയന്ത്രണത്തിന് പുറത്തുള്ള കാര്യങ്ങളെക്കുറിച്ച് ഈ ഹൃദയം വേവലാതിപ്പെടുന്നു, കാരണം നിരവധി കാര്യ ങ്ങളാണ് ഇത്തരം ഹൃദയത്തിനെ/ നിലത്തിനെ നിയന്ത്രിക്കുന്നത്.

നമ്മുടെ ഉത്കണ്ഠയുടെ കാരണം കേവലം മാനസികമല്ലെന്ന് തിരിച്ചറിയേ ണ്ടതുണ്ട്; അത് ഹൃദയത്തിന്റെ ഒരു പ്രശ്നമാണ്. നമ്മുടെ ഉള്ളിൽ പരസ്പരം വളരെയധികം മത്സരിക്കുന്ന, പലതിനോടുമുള്ള പ്രണയങ്ങളുണ്ട്, ഷേക്സ്പി യർ പറഞ്ഞതുപോലെ, 'ഈ ഇഷ്ടങ്ങളും പ്രണയങ്ങളു പോരാടാൻ ഒരു സ്ഥലം തേടുന്നു.' നമുക്ക് ആവശ്യമുള്ളത്/നമ്മൾ ആഗ്രഹിക്കേണ്ടത് ഇതാണ്; നമ്മുടെ കർത്താവ് വന്ന് എല്ലാ ആഗ്രഹങ്ങളെയും ഇഷ്ടങ്ങളെയും ആസക്തികളെയും പുറത്താക്കണം.

നമ്മുടെ ഹൃദയത്തിന്റെ ഏക ഭരണാധികാരിയായി നമുക്ക് യേശുവിനെ വേണം. അവന്റെ കൃപയിൽ, ആ സ്വാതന്ത്ര്യം സ്വീകരിക്കാൻ വേണ്ടത് അവ നോടുള്ള തുറന്ന മനസ്സാണ്. അതിന്റെ അർത്ഥം പൂർണ്ണമായ തുറന്നതെന്നാണ്. അതിനർത്ഥം ഒന്നും പിന്നോട്ട് വയ്ക്കുന്നില്ല എന്നാണ്.

അതിനർത്ഥം നമ്മുടെ ജീവിതം മുഴുവൻ അവനു കൈമാറുന്നു എന്നാണ്. മറഞ്ഞിരിക്കുന്ന കോണുകളൊന്നുമില്ല. പൂട്ടിയ വാതിലുകളില്ല. നാം അത് അംഗീകരിക്കുകയാണെങ്കിൽ, ഈ ഉപമയിൽ യേശു അവതരിപ്പിക്കുന്ന ഒരേയൊരു നല്ല ഹൃദയത്തിലേക്കുള്ള വഴി നമുക്ക് കണ്ടെത്താനാകും - മൃദുവും തുറന്നതുമായ ഹൃദയം-യേശുവിന് മാത്രം സൃഷ്ടിക്കാൻ കഴിയുന്നത്.

4: മൃദുവും തുറന്നതുമായ ഹൃദയം (വി. മർക്കോസ് 4:20)

ഇതാണ് യേശുവിന്റെ ശിഷ്യന്മാരുടെ ഹൃദയം. അവന്റെ വാക്ക് അവർ അംഗീകരിക്കുന്നു. അവർ അവനെ പിന്തുടരുന്നു. അവർ അവനോടൊപ്പം നിൽക്കുന്നു. അവർ അടുത്തുവരുന്നു. അവർ അവനിലേക്ക് ചായുന്നു, അവർക്ക് യേശുവിനെ വേണം.

അവർക്ക് ദൈവരാജ്യത്തിന്റെ രഹസ്യങ്ങൾ നൽകപ്പെട്ടിരിക്കുന്നു. അവന്റെ രാജ്യത്തെക്കുറിച്ചുള്ള അറിവ് മാത്രമല്ല അവർക്ക് ലഭിക്കുന്നത്; അവർ അവന്റെ രാജ്യം പ്രാപിക്കുന്നു. അവർ അവനെന്ന അനുഭവത്തിലേക്ക് പ്രവേശിക്കുന്നു. മൃദുവും തുറന്നതുമായ ഹൃദയമാണ് ഓരോ ക്രിസ്ത്യാനിയുടെയും ഹൃദയം. ക്രിസ്തുവിനെ സ്വീകരിച്ചതും അവന്റെ വചനം ശ്രവിച്ചതും അത്തരം ഹൃദയങ്ങ ളാണ്. നമ്മുടെ ഹൃദയം ഏതുതരം മണ്ണാണ്? കഠിനവും വരണ്ടതും? ആഴം കുറഞ്ഞതും പാറക്കെട്ടുകളോ? തിരക്കും ഉത്കണ്ഠയും? അതോ മൃദുവും തുറന്നതും? നമുക്ക് വിശ്വാസമില്ലാത്ത ഹൃദയമാണോ അതോ വിശ്വാസത്തിന്റെ ഹൃദയമാണോ?

ക്രിസ്തുവിൽ എല്ലാവരും എന്തെങ്കിലും ഫലങ്ങൾ പുറപ്പെടുവിക്കുന്ന വരാണ്. എന്നാൽ, ക്രിസ്തുവിൽ എല്ലാവരും നൂറുമടങ്ങ് പലപ്പോഴും നൽകാ റില്ല. വിത്ത് നമ്മുടെ ജീവിതത്തിൽ വേരൂന്നിയതായി അറിയുന്ന രീതിയാണിത്. നല്ല മണ്ണിൽ പാകിയ വിത്ത് ഫലം കായ്ക്കും. മേൽപ്പറഞ്ഞ മൂന്ന് തരം മണ്ണുകൾ മോശമാണ്. ഒരു തരം മാത്രമാണ് നല്ല മണ്ണ്. മാത്രമല്ല, ഉപരിതലത്തിൽ മനോ ഹരമായി കാണപ്പെടുന്നുണ്ടെങ്കിലും, ഫലമാണ് പ്രധാനം.

അതിനാൽ ഇവിടെ ചോദ്യം ഇതാണ്. നമുക്ക് എങ്ങനെ നല്ല നിലം /ഹൃദയം ലഭിക്കും? ഒരു നല്ല മനുഷ്യനായിരിക്കുന്നതിലൂടെ നമുക്ക് അത് ലഭിക്കുമോ? അങ്ങനെയാണെങ്കിൽ, ഏത് മാനദണ്ഡമനുസരിച്ചാണ് ആ നൽപ്പ് തിരിച്ചറിയു ന്നത്.?? താഴെയുള്ള പാറകൾ നീക്കം ചെയ്താൽ നമുക്ക് അത് ലഭിക്കുമോ? അങ്ങനെയാണെങ്കിൽ, നമുക്ക് എങ്ങനെ വേണ്ടത്ര താഴേക്ക് കാണാൻ കഴിയും?

നമ്മുടെ ജീവിതത്തിലെ കളകൾ പറിച്ചെടുക്കുന്നതിലൂടെ നമുക്ക് അത് ലഭിക്കുമോ? അങ്ങനെയാണെങ്കിൽ, നമുക്ക് നല്ല വേര് ലഭിച്ചുവെന്ന് എങ്ങനെ ഉറപ്പിക്കാം? ഒരു കാര്യം അറിയണം, സ്വയം പരിചരണം നമുക്ക് ആവശ്യമു ള്ളത് എല്ലാം നൽകില്ല. നമുക്ക് ഒരിക്കലും മതിയായവരാകാൻ കഴിയില്ല. നമുക്ക് ഒരിക്കലും എല്ലാ പാറകളും നീക്കം ചെയ്യാൻ കഴിയില്ല. നമുക്ക് ഒരിക്കലും വേണ്ടത്ര കളകൾ പറിച്ചെടുക്കാൻ കഴിയില്ല. നമ്മൾക്ക് മറ്റൊരു വഴി വേണം.

കൗതുകകരമായ ഒരു നിരീക്ഷണം, ഈ ഉപമ ഉൾപ്പെടാത്ത ഏക സുവി ശേഷ വിവരണം വി. യോഹന്നാന്റേതാണ്. എന്നാൽ നാലാം സുവിശേഷ ത്തിൽ, താൻ പ്രഖ്യാപിക്കുന്ന സത്യം വളരെ പ്രസക്തമാണ്. യേശുതമ്പുരാൻ ജറുസലേമിലേക്കും ഒടുവിൽ കുരിശിലേക്കും തിരിയുമ്പോൾ, തന്റെ വരാനിരിക്കുന്ന മരണത്തെക്കുറിച്ച് തന്റെ ശിഷ്യന്മാരോട് പറഞ്ഞു, ആമേൻ, ആമേൻ, ഞാൻ നിങ്ങളോടു പറയുന്നു: കോതമ്പുമണി നിലത്തു വീണു ചാകുന്നില്ല എങ്കിൽ അതു തനിയേ ഇരിക്കും; ചത്തു എങ്കിലോ വളരെ വിളവുണ്ടാകും. (വി. യോഹന്നാൻ 12:24).

യേശു എന്താണ് പറയുന്നത്? തന്റെ സുവിശേഷത്തിന്റെ ശക്തി തന്റെ മരണത്തിലുമുണ്ടെന്ന് അദ്ദേഹം പറയുന്നു. നിലത്ത് പാകിയ വിത്താണ് സുവിശേഷത്തിന്റെ ശക്തി. യേശു വിതെക്കുന്നവൻ മാത്രമല്ല.അവൻ നല്ല നിലം കൂടിയാണ്.

അവൻ ദൈവത്തിന്റെ സന്തതിയാണ്. നമുക്ക് ആവശ്യമുള്ള ഫലം അവന്റെ ജീവനിൽ നിന്ന് വളരുന്നു. അതിനാൽ, നമുക്ക് നമ്മെ അറിയാനും, ആകമാനം പുതുക്കാനും, അവനിൽ തന്നെ പുലരാനും അവൻ മാത്രമാണ് ഏക മാനകം.! അവൻ മാത്രമാണ് ഏക മാപിനി. അവൻ മാത്രമാണ് ഏക മാതൃക.!

ഒരു വിത്തിന് ശരിക്കും അത്രമേൽ ശക്തിയുണ്ടോ? നമ്മൾക്ക് വളരെ എളുപ്പം തകർക്കാൻ കഴിയും വിധം പല വിത്തുകളും വളരെ ദുർബലമാണ്. അപ്രകാരം ആണ് താൻ ക്രൂശിൽ വെച്ച് യേശുവിനോട് ചെയ്തതെന്ന് സാത്താൻ കരുതിയത്. പക്ഷേ, അവന്റെ ഒരു അസ്ഥിപോലും ഒടിഞ്ഞില്ല. തന്റെ മരണത്തിൽ, മശിഹാ രാജാവ് തകർന്ന ഒരു വിത്തല്ല; അവൻ വിതക്ക പ്പെട്ട ഒരു വിത്തായിരുന്നു. നല്ല ഫലം പുറപ്പെടുവിച്ച, വിത്ത്.

എന്തുകൊണ്ടാണ് അവൻ അത് ചെയ്തത്? എന്തുകൊണ്ടാണ് യേശു ഒരു സന്തതിയായത്? ടിം കെല്ലർ എന്ന എഴുത്തുകാരൻ ചൂണ്ടിക്കാണിക്കുന്നു, 'അവൻ വാളുമായി വന്നാൽ, അവൻ വെട്ടിമുറിക്കും. അവൻ തീയുമായി വന്നാൽ, അവൻ ദഹിപ്പിച്ച് ചാരമാക്കും. അവൻ നമുക്കായി നടാനുള്ള വിത്തായി വന്നു. അതാണ് ദൈവ രാജ്യത്തിന്റെ രഹസ്യം.'

കല്ല് പോലെയുള്ള ഹൃദയങ്ങൾ യേശുവിനു മുന്നിൽ തുറക്കുക, അവനേ ഉള്ളിലേറ്റുക, അവനാകുന്ന വിത്ത് അനുദിനം വളരട്ടെ. ഇത് വിത്തിന്റെ ശക്തി യാണ്, ദൈവവചനത്തിന്റെ ശക്തിയാണ്, വിതയ്ക്കുന്നവന്റെ ശക്തിയാണ്. ഹൃദയ നിലത്തിനെ രൂപാന്തരപ്പെടുത്താനുള്ള ശക്തിയും അതിനുണ്ട്. ❑

Church Calendar

Bless me my Lord

St. Mark 4:1-20

Fr Nithin V Rajan



Roots play an important role in the life of a tree. The deeper the root the stronger the tree is the truth. Root makes the tree stand where they are planted. Root pulls out needed minerals, cherishes and nourishes the tree during its lifetime. If the roots are strong it's not easy to uproot the tree. Deeper the roots, the tree withstands the rains and winds. We usually incline to value plants and trees for their top growth. It is quite true, as we usually can see only the superficial part and we tend to judge by it. But lush greeneries and lovely blossoms all come up from the roots.

The need for good soil and roots

The scriptural portion of the week also speaks about the need to be grounded in Christ. Here Christ says a Parable saying "Listen! A farmer went out to sow his seed. As he was scattering the seed, some fell along the path, and the birds came and ate it up. Some fell on rocky places, where it did not have much soil. It sprang up quickly, because the soil was shallow. But when the sun came up, the plants were scorched, and they withered because they had no root. Other seed fell among thorns, which grew up and choked the plants, so that they did not bear grain. Still other seed fell on good soil. It came up, grew and produced a crop, some multiplying thirty, some sixty, some a hundred times." St. Mark 4:3-8

Christ tries to explain the need of space to grow. From this parable we know that for a seed to grow we need to provide a holistic space. It needs proper planning in order to get good result. Christian life is also the same as we need proper planning and vigilance.

First category, we see birds ate up the seeds. When we see ourselves in that position eaten up by birds can also be ascribed as we being swallowed up in our own pride, anger, ego, frustrations etc.

Second category, we see seeds fell on a rocky land and sprung up soon but couldn't withstand the sun. When we see ourselves in that position, at the start of events we have so much enthusiasm but down the line we start draining off and we are not able to keep the spirit going. Especially the first day of the year, a new job, new academic year etc. we take off well but unable to keep up with that tempo.

Here it clearly says as they didn't have roots they dried off. Unless there is proper planning there wouldn't be a proper execution.

Third category, we see seeds fell upon the soil which had thorns that choked the growth of the plants. When we see ourselves in that position, we start off well but external factors will pull us down. It can be our friend's circle, situations of life, comparing with others etc.

Fourth category, we see seeds fell on the good soil and it gave a good yield. This type of people can be the ones who swim against the tides of life. Do or die I wouldn't give up attitude. Nothing can stop such kind of people. They thrive and flourish in all kinds of soil as they are aware of their goals and dreams.

Ground work for growth of Word of God

"The farmer sows the word. Some people are like seed along the path, where the word is sown. As soon as they hear it, Satan comes and takes away the word that was sown in them. Others, like seed sown on rocky places, hear the word and at once receive it with joy. But since they have no root, they last only a short time. When trouble or persecution comes because of the word, they quickly fall away. Still others, like seed sown among thorns, hear the word; but the worries of this life, the deceitfulness of wealth and the desires for other things come in and choke the word, making it unfruitful. Others, like seed sown on good soil, hear the word, accept it, and produce a crop-some thirty, some sixty, some a hundred times what was sown." St. Mark 4:14-20

Here Christ speaks about the need of the recipient's preparation for receiving the Word of God. Unless and until we allow God to work in us, the work of Christ wouldn't be fulfilled in us. The seed wants to grow into what it is called to be. The seed cannot grow fully into its being until and unless a proper ground work done for the same.

The word of God needs to be buried deep inside us. The other way round would be hearing the Word of God with an ear and exiting through the other. A seed to grow needs to be buried and it takes time to germinate. Same way for Christ to be born in us, we need to make space for it. St. Mary is called the good soil as we sing the Hymn

(Karthavarulichheithu njan…..)

"The bread of life I am" declared Lord Jesus
Descended from high above to nourish the world.
Father send me the eternal Word
Like a farmer- sown by Gabriel
Mary like the good soil bore Him in her womb
Priest like angels in their hands
Halleluiah- celebrate on Altar.

The 'Word of God' has to be grounded in us only then we will be able to withstand all the temptations of life. We have to seriously involve in constant conversation with the scriptures with the gift of the Holy Spirit, so that we would be able to discern what is right and wrong.

Jesus said to His disciples that "He is the vine and they are the branches". Christ wanted them to understand that they should find nourishment and cherishment from Him, and that apart from Him, they have no life. We have to remember that we don't support the root, but that the root supports us. The very important aspect of Christian life is to stay connected to Him. Through daily prayer, Scriptural reading, liturgy, alms giving etc. That's how our soul is sustained and sheltered from disease. Like roots, we can't really see Him, but everything we are today in life is the result of being connected to Him. So to cling on to the source of life is a wise decision we have to take. "What the wicked construct finally falls into ruin, while the roots of the righteous give life, and more life". Proverbs 12:12 Amen.

❑



വടവുകോട് രാജർഷി മെമ്മോറിയൽ ഹയർ സെക്കന്ററി സ്കൂൾ പത്താം ക്ലാസ്, ഹയർ സെക്കന്ററി ക്ലാസ്സുകളിൽ ഉന്നത വിജയം കരസ്ഥമാക്കിയ വിദ്യാർത്ഥികൾക്കുള്ള അനുമോദനവും വിവിധ ക്ലബ്ബുകളുടെ ഉത്ഘാടനവും 2022 ജൂലൈ 27 ബുധനാഴ്ച കാതോലിക്കേറ്റ് & എം. ഡി സ്കൂൾ മാനേജർ ഡോ. ഗബ്രിയേൽ മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്തായുടെ അദ്ധ്യക്ഷതയിൽ നടത്തപ്പെട്ടു. പ്രൊഫ. ജോയ് സി. ജോർജ്ജ് ചടങ്ങ് ഉത്ഘാടനം ചെയ്തു.



പരുമല ആശുപത്രിയുടെ മാനസികാരോഗ്യ ലഹരി ചികിത്സാ വിഭാഗവും, സെൻറ് ഗ്രിഗോറിയോസ് കോളേജ് ഓഫ് സോഷ്യൽ സയൻസിന്റെയും സംയുക്താഭിമുഖ്യത്തിൽ ജൂലൈ മാസം 26-ന് ലഹരി വിമുക്ത മാനസികാരോഗ്യ ബോധവൽക്കരണ പരിപാടി നടത്തപ്പെട്ടു.



പീരുമേട് മാർ ബസേലിയോസ് എഞ്ചിനീയറിങ് കോളേജിന്റെ ഓഫീസ് മാനേജർ ആയി പരിശുദ്ധ കാതോലിക്കാ ബാവായാൽ ഫാ. ജോൺ സാമുവേൽ നിയമിതനായി. നിലയ്ക്കൽ ഭദ്രാസനത്തിലെ കനകപ്പലം സെന്റ് ജോർജ് കാതോലിക്കേറ്റ് സെന്റർ പള്ളി വികാരിയും നാരങ്ങാനം സെന്റ് ഓസിയസ് ഇടവകാംഗവുമാണ്.



കട്ടപ്പന നഗരസഭയുടെ ചെയർപേഴ്സണായി ഷൈനി സണ്ണി ചെറിയാൻ സത്യപ്രതിജ്ഞ ചെയ്തു ചുമതലയേറ്റു. കട്ടപ്പന സെന്റ് മേരീസ് ഓർത്തഡോക്സ് പള്ളി ഇടവകാംഗമാണ്.

കോടതി നിരീക്ഷണം സ്വാഗതാർഹം: ഓർത്തഡോക്സ് സഭ

കോട്ടയം: സുപ്രീംകോടതി വിധി നടപ്പിലാക്കുന്നതിനുള്ള ബാധ്യത സർക്കാരിനുണ്ടെന്നും, സുപ്രീംകോടതി വിധികൾ മറികടക്കുന്നതിനുള്ള ശ്രമം ആശാസ്യമല്ലെന്നുമുള്ള ഹൈക്കോടതി നിരീക്ഷണം സ്വാഗതാർഹമെന്ന് ഓർത്തഡോക്സ് സഭാ സുന്നഹദോസ് സെക്രട്ടറി ഡോ. യൂഹാനോൻ മാർ ക്രിസോസ്റ്റമോസ് മെത്രാപ്പോലീത്താ.

നിയമ സംവിധാനം നിലനിൽക്കേണ്ടതിന് കോടതി വിധികൾ നടപ്പിലാക്കുന്നതിന് സർക്കാർ മുൻകൈ എടുക്കേണ്ടത് ആവശ്യമാണ്. സമാധാനപരമായി പ്രശ്നം പരിഹരിക്കുന്നതിനുള്ള സർക്കാർ ശ്രമങ്ങളോട് പൂർണ്ണമായി സഹകരിക്കുമെന്നും എന്നാൽ കോടതി വിധിക്ക് വിധേയമായ സമാധാന ശ്രമങ്ങൾക്കാണ് സർക്കാർ മുൻകൈ എടുക്കേണ്ടതെന്നും അദ്ദേഹം പറഞ്ഞു. നിയമപരമായ അവകാശങ്ങൾ ലംഘിക്കപ്പെടാതെ സമാധാനപരമായ അന്തരീക്ഷത്തിൽ പ്രശ്നം പരിഹരിക്കപ്പെടാനുള്ള പരിശ്രമങ്ങൾ എല്ലാ ഭാഗങ്ങളിൽ നിന്നും ഉണ്ടാകണമെന്ന് അദ്ദേഹം കൂട്ടിച്ചേർത്തു.



പത്തനംതിട്ട കാതോലിക്കേറ്റ് ഹയർ സെക്കന്ററി സ്കൂളിൽ പത്താം ക്ലാസ്, ഹയർ സെക്കന്ററി ക്ലാസ്സുകളിൽ മുഴുവൻ അ+ലഭിച്ച കുട്ടികളെ അനുമോദിക്കുന്നതിനായി മഹിമ 2022 എന്ന ഒരു യോഗം സ്കൂൾ ഓഡിറ്റോറിയത്തിൽ വച്ച് കാതോലിക്കേറ്റ് & എം. ഡി സ്കൂൾ മാനേജർ ഡോ. ഗബ്രിയേൽ മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്തായുടെ അദ്ധ്യക്ഷതയിൽ നടത്തപ്പെട്ടു. അശ്വിൻ ജോർജ്ജ് ഐ.ആർ.എസ്. (ഡപ്യൂട്ടി കമ്മീഷണർ, ജി. എസ്.റ്റി & സെൻട്രൽ എക്സൈസ്) യോഗം ഉത്ഘാടനം ചെയ്തു. പ്രൊഫ. റിജോ ജോൺ ശങ്കരത്തിൽ കുട്ടികൾക്കായുള്ള മോട്ടിവേഷൻ ക്ലാസ്സിന് നേതൃത്വം നൽകി.

പിറവം എം.കെ.എം. മാനേജ്മെന്റ് സീറ്റ് സർക്കാർ ഏറ്റെടുത്തു പൊതു മെറിറ്റിൽ അഡ്മിഷൻ നടത്താനുള്ള നടപടി ഹൈക്കോടതി സ്റ്റേ ചെയ്തു

എറണാകുളം: പിറവം എം.കെ.എം സ്കൂൾ ഉടമസ്ഥ അവകാശത്തെ കുറിച്ചുള്ള തർക്കം ഹൈക്കോടതി പരിശോധിക്കുകയും മാനേജർ ആയി 1934-ലെ ഭരണഘടനപ്രകാരം നടന്ന യോഗത്തിൽ നിന്ന് തിരഞ്ഞെടുത്തയാളെ അംഗീകരിക്കുയും ചെയ്തിരുന്നു. ഈ ഉത്തരവിൽ വിഘടിത വിഭാഗം റിവ്യൂ ഫയൽ ചെയ്യുകയും അതിന്റെ തീർപ്പിനായി കാത്തിരിക്കുകയുമാണ്. ഇക്കാര്യം ചൂണ്ടിക്കാണിച്ച് വിഘടിത വിഭാഗം DEO ക്ക് പരാതി നൽകുകയും അത് പ്രകാരം സർക്കാർ മാനേജ്മെൻറ് സീറ്റുകൾ പൊതു മെറിറ്റിൽ നിന്ന് എടുക്കുന്നതിന് ഉത്തരവിടുകയും ചെയ്തു. എന്നാൽ ഈ ഉത്തരവ് നിലനിൽക്കില്ല എന്ന് ഹൈക്കോടതി കണ്ടെത്തി സ്റ്റേ ചെയ്തു. ഈ ഉത്തരവോടെ മാനേജ്മെന്റ് സീറ്റിൽ വിദ്യാർത്ഥികൾക്ക് അഡ്മിഷൻ ലഭിക്കുന്നത് സാഹചര്യം ഉണ്ടായി.



നവാഭിഷിക്തനായ ഗീവർഗീസ് മാർ പക്കോമിയോസ് മെത്രാപ്പോലീത്തായ്ക്ക് കണ്ടനാട് ഈസ്റ്റ് ഭദ്രാസനം നൽകിയ സ്വീകരണം.



അബുദാബി സെന്റ് ജോർജ് ഓർത്തഡോക്സ് കത്തീഡ്രലിന്റെ കുടുംബസംഗമം നിരണം സെന്റ് മേരീസ് ഓർത്തഡോക്സ് പള്ളിയിൽ ബ്രഹ്മവാർ ഭദ്രാസന മെത്രാപ്പോലീത്താ യാക്കോബ് മാർ ഏലിയാസിന്റെ അധ്യക്ഷതയിൽ നടന്നു.



Kerala Agriculture Minister P Prasad visited Thadagam Christa Sishya Ashram. Minister told that he shared a close relationship with Theophilos Thirumeni through the Griha Sree project of Kerala Government. He was the Housing Board Chairman at that time and he mentioned that Theophilos Thirumeni introduced the idea for that project.



ദേശസ്നേഹത്തിനു ഉത്തമ മാതൃക ആയിത്തീർന്ന ഹിൽപ്പാലസ് പോലീസ് സ്റ്റേഷനിലെ സിവിൽ പോലീസ് ഓഫീസർ അമൽ ടി. കെ. യ്ക്കു ഓർത്തഡോക്സ് ക്രൈസ്തവയുവജന പ്രസ്ഥാനത്തിന്റെ സ്നേഹാദരവ്. ഓർത്തഡോക്സ് ക്രൈസ്തവ യുവജന പ്രസ്ഥാനത്തിന് വേണ്ടി കേന്ദ്ര ട്രഷറർ പേൾ കണ്ണേത്ത് പൊന്നാട അണിയിച്ച് ആദരിച്ചു. കണ്ടനാട് വെസ്റ്റ് ഭദ്രാസന യുവജന പ്രസ്ഥാനം ജനറൽ സെക്രട്ടറി ഗീവീസ് മർക്കോസ്, ട്രഷറർ എൽദോ ബേബി വാളകം, പുത്തൻകുരിശ് പള്ളി സെക്രട്ടറി ജിമ്മി എം മത്തായി, വാളകം യൂണിറ്റ് സെക്രട്ടറി അജോ എന്നിവർ പങ്കെടുത്തു.



മണ്ണത്തൂർ വലിയ പള്ളിയിൽ പുതുതായി നിർമ്മിച്ച കൊടിമരത്തിന്റെ കൂദാശ ഇടവക മെത്രാപ്പോലീത്താ ഡോ. തോമസ് മാർ അത്താനാസിയോസ് നിർവ്വഹിച്ചു. നവാഭിഷിക്തനായ ഗീവർഗീസ് മാർ പക്കോമിയോസ് മെത്രാപ്പോലീത്താ സമീപം.




നവജ്യോതി മോംസ് വിപണന കേന്ദ്രം പരുമലയിൽ ആരംഭിച്ചു

പരുമല: നവജ്യോതി മോംസിന്റെ വിപണന കേന്ദ്രത്തിന്റെ ഉദ്ഘാടനം പരുമലയിൽ പ്രസിഡന്റ് ഡോ. യൂഹാനോൻ മാർ ദിയസ്കോറസ് മെത്രാപ്പോലീത്ത നിർവഹിച്ചു. പരുമല സെമിനാരി മാനേജർ ഫാ. കെ. വി. പോൾ റമ്പാൻ, വൈസ് പ്രസിഡന്റ് ഫാ. ബോബി പീറ്റർ, ജനറൽ സെക്രട്ടറി ശാന്തമ്മ വർഗീസ്, ഡയറക്ടർ ഡോ. സിബി തരകൻ, ജോയിന്റ് സെക്രട്ടറി മിനി ശിവജി, വിവിധ ഭദ്രാസനങ്ങളിലെ പ്രതിനിധികളായ വൈദികർ, ഇടവക യൂണിറ്റ് പ്രതിനിധികളും ചടങ്ങില് സംബന്ധിച്ചു. വിവിധ ഭദ്രാസനങ്ങളിലെ ഇടവകകളിലെ യൂണിറ്റുകൾ തയ്യാറാക്കുന്ന ഉൽപ്പന്നങ്ങൾ വിപണി വിലയേക്കാൾ കുറഞ്ഞ നിരക്കിൽ ഇവിടെ ലഭിക്കും. കണ്ടനാട് വെസ്റ്റ് ഭദ്രാസനത്തിന്റെ പ്രിയ പ്രതിഭ കറിപൗഡറുകളും ലഭിക്കും.



കോട്ടയം ഭദ്രാസന കൗൺസിലിലേയ്ക്ക് തെരഞ്ഞെടുക്കപ്പെട്ടവർ ഭദ്രാസന സഹായ മെത്രാപ്പോലീത്താ ഡോ. യൂഹാനോൻ മാർ ദീയസ്ക്കോറോസിനൊപ്പം.



കോട്ടയം ഭദ്രാസനത്തിന്റെ സെക്രട്ടറിയായി ഫാ. കെ. എം. സഖറിയ കൂടത്തിങ്കൽ തിരഞ്ഞെടുക്കപ്പെട്ടു. പൊങ്ങന്താനം സെന്റ് തോമസ് ഓർത്തഡോക്സ് പള്ളി വികാരിയായി സേവനം അനുഷ്ഠിക്കുന്നു. നിലയ്ക്കൽ ഭദ്രാസനത്തിലെ തലയിണത്തടം സെന്റ് മേരീസ് ഓർത്തഡോക്സ് പള്ളിയാണ് മാതൃ ഇടവക.